# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാവാലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-10/334/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/05/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവാലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവാലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-10/334/2022 തീയ്യതി: 20/05/2022

## ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ . രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 06-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-12-2021 | 06-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ബീന.എ.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീദേവി .ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സന്ധ്യ രമേശ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. ജോഷിമോൻ ജോസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.അജിത കുമാരി.എൽ | സെക്രട്ടറി | 01-04-2020 | 15-07-2020 |
| ശ്രീമതി.സിനിമോൾ.സി.ഐ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2020 | 02-08-2020 |
| ശ്രീമതി.അജിതകുമാരി.എൽ. | സെക്രട്ടറി | 03-08-2020 | 11-10-2020 |
| ശ്രീ.ക്ലീറ്റസ്.ഇ. | സെക്രട്ടറി | 12-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കെ ആന്റോ | കൃഷി ഓഫീസർ | 01-04-2020 | 08-05-2020 |
| മുഹമ്മദ് അസ്ലം | കൃഷി ഓഫീസർ | 09-05-2020 | 05-11-2020 |
| നിഖിൽ ആർ പിള്ള | കൃഷി ഓഫീസർ | 06-11-2020 | 04-01-2021 |
| മിത്ര എസ് ഷേണായി | കൃഷി ഓഫീസർ | 05-01-2021 | 31-03-2021 |
| ഡോ . ഷീജ വി.എം | വെറ്ററിനറി സർജ്ജൻ | 01-04-2020 | 02-08-2020 |
| ഡോ.ദീപ ജേക്കബ് | വെറ്ററിനറി സർജ്ജൻ | 03-08-2020 | 31-03-2021 |
| ശ്രീമതി.റിനി എസ് ജി | ഐ. സി . ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ . നിതുൻ കബീർ | മെഡിക്കൽ ഓഫീസർ ,പി . എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ . ഹാരജ .എസ് . ആർ | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ . ഫസലുൻ റഹ്മാൻ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 01-07-2020 |
| ശ്രീമതി .. നിമ്മിഷാജി | അസിസ്റ്റന്റ് എഞ്ചിനീയർ | 02-07-2020 | 31-03-2021 |
| ശ്രീമതി . സിനി എസ് നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിനീത.വി. | ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. കാവാലം | 01-04-2020 | 31-03-2021 |
| ശ്രീ.രാജശേഖരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| വേക്കന്റ് | - | 01-06-2020 | 17-06-2020 |
| ശ്രീ.ഗോപാലകൃഷ്ണപിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 28-02-2021 |
| ശ്രീ.സുധീന്ദ്ര ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീ.അഖിൽ സെബാസ്റ്റ്യൻ | വി.ഇ.ഒ. | 01-04-2020 | 31-03-2021 |

അഡ്ഹോക് കമ്മറ്റി - 12.11.2020 - 29.12.2020

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 07-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-9 |
| 11 | വസ്തു നികുതി - അപാകത<br>Written By: Renju Prakash (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-10 |
| 12 | തട്ടാശ്ശേരി ജങ്കാർ ലേലം - വരവില്ല<br>Written By: Renju Prakash (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-11 |
| 13 | ഇ-പേയ്മെന്റ് അക്കൗണ്ടിന് പലിശ വരുമാനം ലഭിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-12 |
| 14 | ഫിറ്റ്നസ്സ് ഇല്ലാത്ത കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നു-<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-04-2022) | 1-13 |
| 15 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 09-01-2022)<br>Last Updated By: Elsamma (Audit Officer, On 08-04-2022) | 1-14 |
| 16 | ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-15 |
| 17 | പി.എച്ച്.സി.ഹാൾ റീ ഇലക്ട്രിഫിക്കേഷൻ-പ്രവൃത്തി പൂർത്തീകരിച്ച രേഖയില്ല | 1-16 |

| | | |
|---|---|---|
| | Written By: A.D.Beena (Asst. Audit Officer, On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | |
| 18 | കൃഷി ഓഫീസിലേയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - തുക മുൻകൂർ നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: Sreedevi.R (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-17 |
| 19 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - ഇല്ലാത്ത ടാപ്പുകളുടെ പേരിൽ വൻ തുക ഡിമാന്റ് ചെയ്യുന്നു -<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-18 |
| 20 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - ഇല്ലാത്ത ബൾബുകളുടെ പേരിൽ വൻ തുക ഈടാക്കുന്നു -<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-19 |
| 21 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് -അപാകത<br>Written By: Renju Prakash (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-20 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-21 |
| 23 | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ് ടോപ്പ് - അർഹതാരേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-22 |
| 24 | ആശ്രയ ഗുണഭോക്താക്കൾ അവഗണിക്കപ്പെടുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-23 |
| 25 | വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ-അനുവദിക്കുന്നതിൽ കാലതാമസം<br>Written By: Sreedevi.R (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-24 |
| 26 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ-പെൻഷനേഴ്സിന്റെ മരണശേഷവും തുക അനുവദിക്കപ്പെടുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-25 |
| 27 | പ്രൊക്യൂർമെന്റ് കമ്മിറ്റി -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-26 |
| 28 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-27 |
| 29 | കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി-<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-28 |
| 30 | കയർഭൂവസ്ത്രം വിരിച്ചതിന് മുള വാങ്ങിയത് - ക്വട്ടേഷനില്ലാതെ വാങ്ങൽ നടത്തി -<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-29 |

| | | |
|---|---|---|
| 31 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തി - കൊട്ടേഷനില്ലാതെ നിർവ്വഹിച്ചു - കരാറുകാരന് പകരം തുക മേറ്റ് മാരുടെ അക്കൌണ്ടിൽ നിക്ഷേപിച്ച ശേഷം പണമായി വിതരണം ചെയ്തു -<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 20-04-2022) | 1-30 |
| 32 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-31 |
| 33 | ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല-<br>Written By: P.Sabu (Audit Officer (HG), On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-32 |
| 34 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രോജക്കുകൾ നടപ്പാക്കാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-33 |
| 35 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 08-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 1-34 |
| ഭാഗം **2** | | |
| 1 | തട്ടാശ്ശേരി ജങ്കാർ ലേലം - വരവില്ല<br>Written By: P.Sabu (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 2-1 |
| ഭാഗം **3** | | |
| 1 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 3-1 |
| 2 | കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി-<br>Written By: P.Sabu (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 20-04-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 07-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 07-01-2022) | 4-3 |
| 4 | വായ്പ - വായ്പ തിരിച്ചടവ്<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 07-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| | Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 11-04-2022) | |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 07-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 20-04-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 13-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 06.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,52,62,078 | 12,40,32,000 |
| വാർഷിക കണക്ക് പ്രകാരം | 5,63,86,161 | 4,56,97,478 |

ബജറ്റിലെ പ്രതീക്ഷിത വരവും ചെലവും വാർഷിക കണക്ക് (ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്) പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 06-05-2021 | ഇല്ല | ഇല്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ

1). എസ്.ബി.ഐ (കാവാലം) പ്ലാൻ ഫണ്ട് അക്കൌണ്ടിൽ (നം.450610102) 19007 രൂപയാണ് ക്ലോസിംഗ് ബാലൻസ് ഇനത്തിലുള്ളത്. എന്നാൽ പഞ്ചായത്തിലെ കാഷ് ബുക്ക് പ്രകാരം 155471/- രൂപയാണ്. 31.03.2019ൽ ബാങ്ക് കുറവ് ചെയ്ത 1,37,588/- രൂപ കാഷ് ബുക്കിൽ കുറവ് ചെയ്യാതെ ഓഡിറ്റ് കാലയളവിലും തുടരുന്നു.

2). ഗ്രാന്റ് വരവ് - ചെലവ് പത്രിക പരിശോധിച്ചതിൽ, വികസന ഫണ്ടിനത്തിലെ ജി.ഒ. പ്രോജക്റ്റ് വരവ് സംബന്ധിച്ച് ലഭ്യമാക്കിയ ഉത്തരവുകളിലെ തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിലെ തുകയുമായി യോജിക്കുന്നില്ല.

3). ബി ഫണ്ട് ഇനങ്ങളിലെ വാർഷികകണക്ക് , സേവന സോഫ്റ്റ്വെയറിലെ തുകകൾ തമ്മിൽ യോജിക്കുന്നില്ല.

| ഇനം | സേവന സോഫ്റ്റ്വെയറിലെ തുകകൾ | വാർഷിക കണക്കിലെ തുകകൾ |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 16730400 | 11244200 |
| കാർഷിക തൊഴിലാളി പെൻഷൻ | 22541900 | 15204700 |
| അവിവാഹിത പെൻഷൻ (50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക്) | 904700 | 615100 |

4). വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ -

നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 1306166/- രൂപ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നുള്ളതിന് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5). വായ്പാ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6). വികസനഫണ്ട് (CFC-Untied) എന്ന ഇനത്തിൽ എ.സി.ആർ-ൽ വരവ് ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 5707044/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 858524/- രൂപ ആയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

7). MGNREGS ന്റെ പാസ് ബുക്ക് പ്രകാരം 3356/- രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. എന്നാൽ കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 3256/- രൂപയാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

8). ജില്ലാ പഞ്ചായത്തിൽ നിന്നും അംഗനവാടി നിർമ്മാണത്തിനനുവദിച്ച 820402/- രൂപ RP31-ൽ ഉൾപ്പെടുത്തിയിട്ടില്ല. RP31-ലെ ബ്ലോക്ക് പഞ്ചായത്തിന്റെ ശീർഷകത്തിൽ കാവ് പുനർ നിർമ്മാണം പ്രോജക്ടിനുള്ള 497630/- രൂപ ഉൾപ്പെടുത്തി. കൂടാതെ അഗതി-ആശ്രയയുടെ 1 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുമില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8054661 |
| വരവ് | 48331500 |
| ആകെ | 56386161 |
| ചെലവ് | 45697478 |
| നീക്കിയിരിപ്പ് | 10688683 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17497498 | 17497498 | 13856470 | 3641028 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3155000 | 3155000 | 2701824 | 453176 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2854000 | 2854000 | 2854000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3325285 | 131396 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 4370000 | 4370000 | 503896 | 3866104 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 7962333 | 7962333 | 5707044 | 2255289 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 152 | 2116325 | 92 | 1754433 | 23 | 37 | 82.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 422737 | 1244035 | 1666772 | 1663516 | 3256 |
| ഗുണഭോക്താക്കൾക്ക് | 0 | 61644485 | 61644485 | 61644485 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകിയത് | | | | | |
| ആകെ | 422737 | 62888520 | 63311257 | 63308001 | 3256 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 22320 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 22541900 | 11184 |
| വിധവാ പെൻഷൻ | 6029700 | 4373 |
| വാർദ്ധക്യകാല പെൻഷൻ | 16730400 | 9028 |
| വികലാംഗപെൻഷൻ | 3013100 | 2151 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 904700 | 436 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 27.12.2021, 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 4675/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1). പഞ്ചായത്ത് പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം ആകെ ജീർണ്ണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. നിലവിൽ ഫിറ്റ്നസ് പോലുമില്ലാത്ത ഈ കെട്ടിടത്തിലാണ് അനുബന്ധ ഘടക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ടി പരിമിതികൾക്കുള്ളിലാണ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്.

2). വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3). കമ്പ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4). തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5). കംമ്പ്യൂട്ടർ, ഫർണിച്ചർ സ്റ്റേഷനറീസ് എന്നിവയ്ക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6). വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

7). ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8). തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2020-21 വർഷം നിരവധി കോൺക്രീറ്റ് റോഡുകളും, ടാർ റോഡുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10). വാട്ടർ ചാർജ്ജിനത്തിൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ഉള്ളവയുടെ എണ്ണത്തിന്റെ പതിന്മടങ്ങ് എണ്ണത്തിന്റെ ചാർജജ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് ചെയ്യപ്പെടുന്നു. സംയുക്ത പരിശോധന നടത്തി ചാർജ്ജ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. .

11). ഇൻകുമ്പൻസി രജിസ്റ്റർ ഓഡിറ്റ് കാലയളവിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

12). തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ യഥാർത്ഥത്തിൽ ഉള്ളവയുടെ എണ്ണത്തിന്റെ മൂന്നിരട്ടിയാണ് ഓഡിറ്റ്

വർഷങ്ങളിൽ ഒടുക്കിക്കൊണ്ടിരുന്നത്. ഭീമമായ തുക ഈയിനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായി.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 വസ്തു നികുതി - അപാകത

ലിസി മാത്യു, മരിയാലയം, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള IV/66F എന്ന കെട്ടിടം 155.91 എം$^2$ വിസ്തീർണ്ണമുണ്ട്. എന്നാൽ, ടി കെട്ടിടം നിർണയിച്ചിട്ടുള്ളത് വാണിജ്യാവശ്യത്തിനുള്ള 100എം$^2$ താഴെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (23/20-21, തീയതി – 06.01.2022) നികുതി പുനർനിർണയിക്കുതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഫാറം -6, കുറവ് വന്ന നികുതി ഈടാക്കിയതിന്റെ രസീത് എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-11 തട്ടാശ്ശേരി ജങ്കാർ ലേലം - വരവില്ല

2018-19, 2019-20 എന്നീ വർഷങ്ങളിൽ യഥാക്രമം 3,30,000 രൂപ, 7,15,000/-രൂപ എന്നിങ്ങനെ തട്ടാശ്ശേരി ജങ്കാർ ലേലമിനത്തിൽ വരവുണ്ട്. എന്നാൽ, 2020-21 വർഷം ടി ഇനത്തിൽ വരവില്ല. ഫയൽ പരിശോധിച്ചതിൽ, 16.03.2020ൽ ലേലം നടത്തുന്നതിന് തീരുമാനമെടുത്ത് പരസ്യം നല്കി. ടി തീയതിയിൽ നിരതദ്രവ്യം ഇനത്തിൽ തുക ഒടുക്കി 3 പേർ ലേലത്തിന് ഹാജരായെങ്കിലും കഴിഞ്ഞ വർഷത്തെ ലേലത്തുകയായ 7,15,000/- രൂപയുടെ 5% തുക കൂട്ടി വിളിയ്ക്കാൻ തയ്യാറായില്ല. 4.06.2020, 15.06.2020 എന്നീ തീയതികളിൽ പുനർലേലം നടത്തിയെങ്കിലും വീണ്ടും മേൽ കാരണത്താൽ നിരതദ്രവ്യം കെട്ടി വെച്ച ആളുകൾ ലേലം വിളിക്കുന്നില്ല എന്ന് രേഖപ്പെടുത്തി പിന്മാറി. ഇതേ തുടർന്ന് ലേലം ഉറപ്പിയ്ക്കാൻ സാധിച്ചില്ല. 24.06.2020ന് മുമ്പായി ക്വട്ടേഷൻ സമർപ്പിക്കാൻ അറിയിച്ച് സെക്രട്ടറി പരസ്യം നല്കിയതിനെ തുടർന്ന് ലഭിച്ച ക്വട്ടേഷനിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത (തുക- 703211/- സെസ്, ജി.എസ്സ്.റ്റി എന്നിവ ഉൾപ്പെടെ) ആന്റണി അലക്സ്, കല്ലുത്ര, ചമ്പക്കുളം എന്നയാൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 25.06.2020 തീയതിലെ നം. 1.1 തീരുമാന പ്രകാരം ക്വട്ടേഷൻ അംഗീകരിച്ചു. 03.07.2020 ൽ ടിയാനെ ഈ വിവരം അറിയിച്ചും 3,37,429/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി സെക്രട്ടറിയുമായി എഗ്രിമെന്റിൽ ഏർപ്പെടുവാനും ആവശ്യപ്പെട്ടും കത്ത് നല്കി. ടി കത്തിന് മറുപടിയായി ക്വട്ടേഷൻ തുക ഗഡുക്കളായി ഓരോ മാസവും മുൻകൂർ അടയ്ക്കാമെന്നും യാത്രാ നിരക്ക് വർദ്ധിപ്പിയ്ക്കണമെന്നും ആവശ്യപ്പെട്ട് കത്ത് നല്കി. എന്നാൽ, ടി കത്തിന് സെക്രട്ടറി മറുപടി നല്കുകയോ ടിയാനുമായി ചർച്ച നടത്തിയതായോ തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ടിയാൾ കത്തിലൂടെ അറിയിച്ച കാര്യങ്ങൾ ഭരണ സമിതിയ്ക്ക് സ്വീകാര്യമല്ലെങ്കിൽ മുൻ വർഷം (2019-20) ജങ്കാർ സർവീസ് നടത്തിയ ശ്രീ. ജോർജ്ജ് ആന്റണി, കൊച്ച്പറമ്പ്, കായൽപുറം എന്നയാളുടെ ക്വട്ടേഷനിൽ (ടിയാൾ 24.06.20ൽ സമർപ്പിച്ചത്) ക്വാട്ട് ചെയ്ത തുകയ്ക്ക് (തുക- 400000/- സെസ്, ജി.എസ്സ്.റ്റി എന്നിവ ഉൾപ്പെടെ) ക്വട്ടേഷൻ ഉറപ്പിക്കാൻ ശ്രമിച്ചതായി രേഖകളിൽ കാണുന്നില്ല. 24.08.2020 ലെ പഞ്ചായത്ത് കമ്മറ്റി മിനട്സ് ബുക്കിൽ ജങ്കാർ സർവീസിന്റെ ആവശ്യകത മാനിച്ച് ഒരു കൂട്ടം സന്നദ്ധ പ്രവർത്തകർ താത്കാലിക സംവിധാനം എന്ന നിലയിൽ ജങ്കാർ സർവീസ് നടത്താൻ തയ്യാറാണെന്ന് 19.08.2020ലെ സ്റ്റിയറിംഗ് കമ്മറ്റിയെ അറിയിച്ചു. ഉടർന്ന് ശ്രീ.സുധീർ, പുത്തൻ പുരയ്ക്കൽ (2018-19ൽ ലേലം കൊണ്ടയാൾ) ജങ്കാർ സർവീസ് 810 രൂപ പ്രതിദിന നിരക്കിലും ശ്രീ.അലക്സ് കല്ലുത്ര എന്നയാൾ 800/- രൂപ പ്രതിദിന നിരക്കിലും ജങ്കാർ സർവീസ് നടത്താൻ തയ്യാറാണെന്ന് അറിയിച്ചു. കൂടിയ തുക ക്വാട്ട് ചെയ്ത ശ്രീ.സുധീർ, പുത്തൻ പുരയ്ക്കൽ എന്നയാൾ സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ സെക്രട്ടറിയുടെ 14.09.2020 ലെ ഇ.എസ് 253/17 നം. കത്ത് മുഖേന ജങ്കാർ സർവീസ് നടത്താൻ അനുവാദം നല്കാവുന്നതാണോ എന്ന് സ്പഷ്ടീകരണം നല്കണമെന്ന് അറിയിച്ച് തുറമുഖ ഓഫീസർ, ആലപ്പുഴയ്ക്ക് കത്ത് അയച്ചു. രജിസ്റ്ററിംഗ് അതോറിറ്റി, കെ ഐ വി റൂൾസ് & തുറമുഖ ഓഫീസർ, ആലപ്പുഴ (എ5 - 2797/20, തീയതി - 29.09.2020) മോട്ടോർ ബോട്ട് ജങ്കാറായി സർവീസ് നടത്തുന്നതിന് നിയമപ്രകാരം അനുമതിയില്ലാത്തതാണെന്ന് അറിയിച്ചു. എന്നാൽ, ശ്രീ.സുധീർ, പുത്തൻ പുരയ്ക്കൽ എന്നയാളെ സ്വന്തം ഉത്തരവാദിത്തത്തിൽ ജങ്കാർ സർവീസ് നടത്താൻ കമ്മിറ്റി അനുവദിക്കുകയും ടിയാൻ ഹാജരാക്കിയ രേഖകൾ യോഗ്യമല്ലാത്തിനാൽ എഗ്രിമെന്റ് വയ്ക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാനം ലഭ്യമാകാതെ ടിയാന് സർവീസ് നടത്താൻ അനുവാദം നല്കി. തൊട്ടടുത്ത പ്രതിദിന നിരക്കിൽ (800 രൂപ) ജങ്കാർ സർവീസ് നടത്താമെന്നറിയിച്ച ശ്രീ.അലക്സ്, കല്ലുത്ര എന്നയാളെ ജങ്കാർ സർവീസ് നടത്തുന്നതിന് ക്ഷണിച്ച് സെക്രട്ടറി കത്ത് നല്കിയതിന്റെ രേഖ ലഭ്യമല്ല. കമ്മറ്റി കൈക്കൊണ്ട ഈ തീരുമാനത്തോടെ പഞ്ചായത്തിന് പ്രതിദിനം 800 രൂപ നിരക്കിൽ ലഭിക്കുമായിരുന്ന വരുമാനം പോലും നഷ്ടമായി.

ആകയാൽ, ആദ്യത്തെ (24.06.2020) ക്വട്ടേഷൻ അംഗീകരിച്ച് കരാർ നടപ്പാക്കാൻ സാധിക്കാത്ത സന്ദർഭത്തിൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്തയാളെ ജങ്കാർ നടത്തിപ്പിനായി ക്ഷണിയ്ക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/20-21 തീയതി - 05.01.2022) ലഭിച്ച മറുപടിയിൽ,

രണ്ടാമതായി കൂടിയ തുക ക്വാട്ട് ചെയ്ത വ്യക്തി ഗരുഡ ഗ്രൂപ്പിൽപ്പെട്ട ആളായതിനാൽ, 23.07.2020ലെ സ്റ്റിയറിംഗ് കമ്മറ്റി ടി ക്വട്ടേഷനുകൾ റദ്ദ് ചെയ്യുകയും ചെയ്തു എന്നും പ്രതിദിന നിരക്കിൽ തൊട്ടടുത്ത തുക ക്വട്ട് ചെയ്തയാളെ ജങ്കാർ നടത്തിപ്പിനായി ക്ഷണിയ്ക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/20-21 തീയതി - 05.01.2022) ലഭ്യമാക്കിയ മറുപടിയിൽ കാരണം വ്യക്തമാക്കിയിട്ടില്ല. 19.08.2020 ൽ കൂടിയ സ്റ്റിയറിംഗ് കമ്മറ്റിയിൽ ഉറമുഖ വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ശ്രീ.സുധീർ എന്നയാൾക്ക് ജങ്കാർ സർവീസ് നടത്തുന്നതിന് വിയോജിക്കുന്നു എന്ന് സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സെക്രട്ടറി തൊട്ടടുത്തയാളെ ക്ഷണിക്കുന്നതിനെ പറ്റി പരാമർശിക്കുകയോ കത്ത് നല്കുകയോ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ, 2020-21 വർഷം തുകയൊന്നും വരവായി ലഭിച്ചിട്ടില്ല. 4 ലക്ഷം രൂപയുടെ രണ്ടാമത്തെ ഉയർന്ന ക്വട്ടേഷൻ തുക സമർപ്പിച്ച ആളുമായി ചർച്ച ചെയ്ത് സെക്രട്ടറി കരാർ ഉറപ്പിച്ചിട്ടില്ല. പിന്നീട് ടി ക്വട്ടേഷൻ അംഗീകരിക്കാതെ 810/-രൂപ പ്രതിദിന നിരക്കിൽ ഉറമുഖ വകുപ്പ് അനുമതി നിഷേധിച്ച ബോട്ടിന് സർവ്വീസ് നടത്താൻ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്ന് 23.07.2020ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തു. കമ്മിറ്റി അംഗീകാരം നൽകിയ കരാറുകാരന് ഉറമുഖ വകുപ്പ് അനുമതി നൽകാത്തതിനാൽ പഞ്ചായത്തുമായി കരാർ വെയ്ക്കുവാനോ തുക ഈടാക്കുവാനോ കഴിഞ്ഞില്ല. ഈ നടപടിമൂലം പഞ്ചായത്തിന് 4 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. ഈ തുക ആദ്യ ടെണ്ടറിലെ രണ്ടാമത്തെ കൂടിയ തുക ക്വാട്ട് ചെയ്തയാൾക്ക് കരാർ അനുവദിക്കാതിരുന്ന സെക്രട്ടറി 23.07.2020ലെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ പങ്കെടുത്തവർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-12 ഇ-പേയ്മെന്റ് അക്കൗണ്ടിന് പലിശ വരുമാനം ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഇ-പേയ്മെന്റിന് ഉപയോഗിക്കുന്ന എസ് ബി ഐ, കാവാലം ശാഖയിലെ 67397170085 നമ്പർ കറണ്ട് അക്കൗണ്ടിൽ 2019-20, 2020-21 വർഷങ്ങളിലെ വർഷാന്ത്യത്തിലെ ക്ലോസിങ്ങ് ബാലൻസ് തുക ചുവടെ ചേർക്കുന്നു.

| വർഷം | ക്ലോസിങ്ങ് ബാലൻസ് തുക |
|---|---|
| 2019-20 (31.3.2020) | 55534/- |
| 2020-21 (31.3.2021) | 211514/- |

കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല. പ്രസ്തുത തുകയ്ക്ക് പലിശ ലഭിക്കത്തക്ക രീതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് പലിശ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം - 12/2020-21, തീയതി - 4.1.2022)

## 1-13 ഫിറ്റ്നസ്സ് ഇല്ലാത്ത കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നു-

നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്നത് ഭിത്തികൾ വിണ്ടുകീറി നിലം പതിക്കാറായ കെട്ടിടത്തിലാണ്. കെട്ടിടത്തിന് ഫിറ്റ്നസ് ഇല്ലായെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും, അസ്സി.എൻജിനീയറും വാക്കാൽ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്ന കെട്ടിടത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം -21/2020-21) മറുപടി ലഭ്യമാക്കിയില്ല.പഞ്ചായത്തിലെ ആകമാനം ജനങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് പഞ്ചായത്ത് ഓഫീസ്. ആ സ്ഥാപനം പോലും പ്രവർത്തിക്കുന്നത് ഫിറ്റ്നസ് ഇല്ലാത്ത സ്ഥാപനത്തിലാണ്. അടിസ്ഥാന സൌകര്യ വികസനത്തിന് ലക്ഷങ്ങൾ ചെലവഴിക്കുമ്പോഴും ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ലായെന്നത് പ്രത്യകം ശ്രദ്ധേയമാണ്. ഭരണ സമിതിയുടെ പ്രത്യകം ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

## 1-14 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി -അപാകതകൾ

I)പ്രോജക്റ്റ് നം - S 0006/21

പ്രോജക്ടിന്റെപേര് - തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 400800/-

ചെലവ്

ബിൽ നം.27/20-21/22.3.21 തുക.136708/-

ജോർജ് തോമസ്, സെബിൻ ഇലക്ട്രോണിക്സ്, ചങ്ങനാശേരിയുടെ ടെൻഡർ 5.10.20 ലെ 1(11) നം. തീരുമാന പ്രകാരം അംഗീകരിച്ചു. 27.8.20 ൽ 25/20-21 നമ്പറായി കരാർ ചമച്ചിട്ടുണ്ട്.

സെബിൻ ഇലക് ട്രോണിക്സിന്റെ 12.1.21 ലെ 4/2020-21 നം. ക്യാഷ് ബില്ലിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | LED Street Light AMC 24Watts.<br>Rs.965X425Nos=410125/-<br>1/3rd Of Total Bill Amount. | | | 136708/- |

പഞ്ചായത്തിലെ 13 വാർഡുകളിൽ 425 തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പുന:സ്ഥാപിക്കുന്നതിന് 965/-രൂപ നിരക്കിലുള്ള തുകയാണ് മേൽ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം 13 വാർഡുകളിലുമായി 425 തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി ചെയ്തതിന്റെ ലിസ്റ്റ് തയ്യാറാക്കി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രവൃത്തി സംബന്ധിച്ച് വിവിധ വാർഡുകളിൽ പോസ്റ്റുകളുടെ നമ്പർ/പേര്, പരാതി പരിഹരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റും, മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റും പൊരുത്തപ്പെടുന്നില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | പരാതി പരിഹരിച്ച തീയതി രേഖപ്പെടുത്തിയ ലിസ്റ്റ് പ്രകാരം അറ്റകുറ്റപണി നടത്തിയവയുടെ എണ്ണം | മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് പ്രകാരം അറ്റകുറ്റപണി നടത്തിയവയുടെ എണ്ണം |
|---|---|---|
| 1 | 10 | 31 |
| 2 | ഹാജരാക്കിയിട്ടില്ല | 34 |
| 3 | ഹാജരാക്കിയിട്ടില്ല | 35 |
| 4 | ഹാജരാക്കിയിട്ടില്ല | 34 |
| 5 | ഹാജരാക്കിയിട്ടില്ല | 32 |
| 6 | 16 | 32 |
| 7 | ഹാജരാക്കിയിട്ടില്ല | 32 |
| 8 | 4 | 33 |

| | | |
|---|---|---|
| 9 | ഹാജരാക്കിയിട്ടില്ല | 32 |
| 10 | ഹാജരാക്കിയിട്ടില്ല | 33 |
| 11 | 2 | 33 |
| 12 | 7 | 32 |
| 13 | ഹാജരാക്കിയിട്ടില്ല | 32 |
| ആകെ | 39 | 425 |

2) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3) മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്ത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ബോധ്യപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല.

4)പരാതികൾ സ്വീകരിക്കുവാൻ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടില്ല.

5)പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, വാങ്ങിയ തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

II)പ്രോജക്ട് നം - S 0092/21(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 262000/-

ചെലവ്

ബിൽ നം.5/20-21/25.5.20 തുക.262000/-

ജോർജ് തോമസ്, സെബിൻ ഇലക് ട്രോണിക്സ്, ചങ്ങനാശേരിയുടെ ടെൻഡർ 25.1.20 ലെ 3(3) നം. തീരുമാന പ്രകാരം അംഗീകരിച്ചു.

സെബിൻ ഇലക് ട്രോണിക്സിന്റെ 6.3.20 ലെ 9 നം. ക്യാഷ് ബില്ലിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | 24Watts LED Street Lights Spares And Installation<br>(Rs.1200X221Nos) | | | 265200/- |

പഞ്ചായത്തിലെ 13 വാർഡുകളിൽ 221 തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കുന്നതിന് 1200/-രൂപ നിരക്കിലുള്ള തുകയാണ് മേൽ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം 13 വാർഡുകളിലുമായി 222 തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി ചെയ്തതിന്റെ ലിസ്റ്റ് തയ്യാറാക്കി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് പ്രകാരം അറ്റകുറ്റപണി നടത്തിയവ വാർഡ് 1 ൽ 18 ഉം 2 മുതൽ 13 വരെയുള്ള വാർഡുകളിൽ 17 വീതവും ആകെ 222 എണ്ണമാണ്. പ്രവൃത്തി സംബന്ധിച്ച് വിവിധ വാർഡുകളിൽ പോസ്റ്റുകളുടെ നമ്പർ/പേര്, പരാതി പരിഹരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3) മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്ത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ബോധ്യപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല.

4)പരാതികൾ സ്വീകരിക്കുവാൻ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടില്ല. ഉത്തരവ് നം.ജി-2442274/2015/17.8.15 പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസർമാരെയും നോഡൽ പോയന്റുകളും നിശ്ചയിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5)പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, വാങ്ങിയ തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

6)തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/2020-21 തീയതി.6.1.22) മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും സുതാര്യമായ രീതിയിൽ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. തെരുവ് വിളക്ക് ഉപകരണങ്ങൾക്ക് ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-15 ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-അപാകതകൾ

പ്രോജക്ട് നം - S 0185/21

പ്രോജക്ടിന്റെപേര് - ഘടകസ്ഥാപനങ്ങളിലേക്ക് (എൽ.എസ്.ജി.ഡി,വി.ഇ.ഒ) കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

തനത് ഫണ്ട് - 2919/-

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 87081/-

ആകെ അടങ്കൽ - 90000/-

ചെലവ്

1) ബിൽ നം.29/20-21/22.3.21 തുക.39797/-

2) ബിൽ നം.30/20-21/22.3.21 തുക.20018/-

3) ബിൽ നം.36/20-21/22.3.21 തുക.8335/-

KSEDC LTD IT BUSINESS GROUP,KELTRON HOUSE, തിരുവനന്തപുരത്തിന്റെ 10.3.21 ലെ TVM/ITBG/PI/RC/24242 /20-21 നം. പ്രൊഫോർമ ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | A4 Multi Function Printer | 20018 | 1 | 20018 |

KSEDC LTD IT BUSINESS GROUP,KELTRON HOUSE, തിരുവനന്തപുരത്തിന്റെ 10.3.21 ലെ TVM/ITBG/PI/RC/24240 /20-21 നം. പ്രൊഫോർമ ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 2 | Desktop-Intel Processor-Mediumend-Windows10 | 39797 | 1 | 39797 |

KSIDC LTD, കൊച്ചിയുടെ 26.3.21 ലെ SMCALPY/20-21 /P1/406 നം. പ്രൊഫോർമ ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | Steel Table 1CB&3 Drawer 150X75X75cm | 7004 | 1 | 7004 |
| CGST(9%) | | | | 630.36 |
| SGST(9%) | | | | 630.36 |
| KFC(1%) | | | | 70 |
| Grand Total | | | | 8335 |

പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ നൽകി.

അപാകത ചുവടെ ചേർക്കുന്നു.

1)കമ്പ്യൂട്ടർ, പ്രിന്റർ, സ്റ്റീൽ ടേബിൾ എന്നിവ ലഭ്യമായിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/2020-21 /തീയതി. 6.1.22) മറുപടി ലഭ്യമാക്കിയില്ല. തുക നൽകിയിട്ടും സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക 68150/- തടസ്സപ്പെടുത്തുന്നു.

## 1-16 പി.എച്ച്.സി.ഹാൾ റീ ഇലക്ട്രിഫിക്കേഷൻ-പ്രവൃത്തി പൂർത്തീകരിച്ച രേഖയില്ല

പ്രോജക്ട് നം - S 0017/21

പ്രോജക്ടിന്റെപേര് - കാവാലം പി.എച്ച്.സി.ഹാൾ റീ ഇലക്ട്രിഫിക്കേഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 350000/-

ചെലവ്

ബിൽ നം.10/20-21/24.8.20 തുക.350000/-

ആലപ്പുഴ പി.ഡബ്ല്യൂ.ഡി.ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ 22.7.20 ലെ 2020/2476 നമ്പർ പ്രകാരം 350000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി. അതിന്റെയടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ക്ക് 350000/-രൂപ നൽകി.

അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തി ചെയ്തതിന്റെ വിവരങ്ങൾ ഇല്ല.

2) മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3) പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 28/2020-21 തീയതി. 6.1.22)മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 350000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-17 കൃഷി ഓഫീസിലേയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - തുക മുൻകൂർ നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല

പ്രോജക്ട് നം. 103/21 കൃഷി ഓഫീസിലേയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (Spill Over)

അടങ്കൽ- 120350/-മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

നിർവ്വഹണം -കൃഷി ഓഫീസർ

ചെലവ് -70389 ( BRN 56193/ 24.04.2020)

കൃഷി ഓഫീസിലേയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതായിരുന്നു അംഗീകൃത പ്രേജക്ട്. ഇവ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന് 70389/- രൂപ 24.04.2020 ൽ കൈമാറിയിട്ടുണ്ട്. കെൽട്രോണിന്റെ 25.02.2020ലെ 16104 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് തുക നൽകിയത്.

| Sl. No. | Description | Rate |
|---|---|---|
| 1 | A3 Network MFP-Entry- Entry Level Ubundu Monochrome Laser<br>Type-Printer/ Copier/ Scanner | 39603 |
| 2 | Desk Top- | 30786 |

| | | |
|---|---|---|
| | Total | 70389 |

എന്നാൽ പ്രസ്തുത ഉപകരണങ്ങൽ സ്റ്റോക്കിലെടുത്ത രജിസ്റ്റർ, കെൽട്രോണിന്റെ ബിൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.(എൻക്വയറി നം.29/06.01.2022 ) ഉപകരണങ്ങൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ വരെ കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന് നൽകിയ 70389/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - ഇല്ലാത്ത ടാപ്പുകളുടെ പേരിൽ വൻ തുക ഡിമാന്റ് ചെയ്യുന്നു -

ഗ്രാമപഞ്ചായത്തിന്റെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ 06/2021 ലെ ബിൽ പ്രകാരം(നം.53411) ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കൂടി ആകെ 5 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 196970/- രൂപയാണ് ഒടുക്കുവാൻ ബാക്കിയുള്ളത്. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ 07/2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ആകെയുള്ള ടാപ്പുകളുടെ എണ്ണം 194 ഉം, ഒടുക്കുവാനുള്ള തുക 289961/- രൂപയുമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ഒരു ക്രമാതീതമായ വർദ്ധനവിന്റെ കാരണം വ്യക്തമാക്കുവാനും, വാട്ടർ ടാപ്പുകളുടെ എണ്ണം നിലവിലുണ്ടായിരുന്ന 5 ൽ നിന്നും 194 ആയി ഉയർത്തിയത് സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിലാണോയെന്നത് സംബന്ധിച്ച വിവരം അറിയിക്കുവാനും. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലല്ല ഇപ്രകാരം എണ്ണം വർദ്ധിപ്പിച്ചതെങ്കിൽ വാട്ടർ ചാർജ്ജിനത്തിൽ ക്രമ വിരുദ്ധമായി ഡിമാന്റ് ചെയ്തുകൊണ്ടിരിക്കുന്ന തുക കുറവ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/2020-21) ലഭ്യമാക്കിയ മറുപടിയിൽ ഈ അപാകതകൾ പരിഹരിക്കുന്നതിനും, സംയുക്ത പരിശോധന നടത്തുന്നതിനും ആവശ്യപ്പെട്ട് 22-08-19 ൽ തന്നെ കത്ത് നൽകിയിരുന്നുവെന്നും, എന്നാൽ വാട്ടർ അതോറിറ്റി സംയുക്ത പരിശോധനയ്ക്ക് തയ്യാറായിട്ടില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള 5 ടാപ്പുകളിൽ ഒന്നു പോലും നിലവിൽ പ്രവർത്തന ക്ഷമമല്ലായെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഫണ്ട് ഇപ്രകാരം അനാവശ്യമായി ചെലവഴിക്കപ്പെടുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - ഇല്ലാത്ത ബൾബുകളുടെ പേരിൽ വൻ തുക ഈടാക്കുന്നു -

ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 04/2019 മുതൽ 03/2020 വരെ പ്രതിമാസം 52820/- രൂപ നിരക്കിൽ 2019-20 വർഷം 633840/- രൂപ ഒടുക്കിയിട്ടുണ്ട്. 04/2020 മുതൽ 12/2020 വരെ പ്രതിമാസം 52820/- രൂപ നിരക്കിലും, 01/2021 ൽ 19068/- രൂപയും, 02/21 ൽ 18724/-രൂപയും 03/2021 ൽ 18755/- രൂപയുമുൾപ്പെടെ 2020-21 വർഷം 531927/- രൂപയും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, മങ്കൊമ്പിന്റെ 28.9.2018 ലെ BB/MKP/2018-19/ST/1 നം. കത്ത് പ്രകാരം, കാവാലം ഗ്രാമപഞ്ചായത്തിൽ, ഇലക്ട്രിക്കൽ സെക്ഷൻ,മങ്കൊമ്പ് ബില്ല് ചെയ്യുന്ന തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണവും പുതുക്കിയ നിരക്ക് പ്രകാരമുള്ള ബിൽ തുകയും താഴെ കൊടുക്കുന്നു.

| ക്രമ നം. | | | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ലാംബ് | 60W | 154 | 102 | 15708 |
| 2 | ഡബിൾട്യൂബ് | 2X40W | 37 | 134 | 4958 |
| 3 | സിംഗിൾട്യൂബ് | 40W | 95 | 66 | 6270 |
| 4 | സി.എഫ്.എൽ | 2X11W | 753 | 32 | 24096 |
| 5 | സോഡിയംവേപ്പർ | 250W | 4 | 447 | 1788 |
| | | | 1043 | | 52820 |

ഇലക്ട്രിക്കൽ സെക്ഷൻ, മങ്കൊമ്പിൽ നിന്നും ലഭ്യമാക്കിയ ഈ രേഖകൾ പ്രകാരം 60W ന്റെ ഓർഡിനറി ലാംബ് 154 എണ്ണവും, ഡബിൾട്യൂബ് 2X40W ന്റെ 37 എണ്ണവും, സിംഗിൾട്യൂബ് 40W ന്റെ 95 എണ്ണവും ഉപയോഗിക്കുന്നതിനാണ് കറന്റ് ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ നിന്നും 04/07/2019 ൽ കെഎസ്ഇബി അസ്സി.എക്സി.എൻജിനീയർക്ക് നൽകിയിട്ടുള്ള കത്തിൽ 2017-18 കാലയളവിൽ പഞ്ചായത്തിന്റെ തെരുവ് വിളക്കുകൾ പൂർണ്ണമായും 24 വാട്ടിന്റെ എൽഇഡി ലാംബ് സ്ഥാപിച്ചിരുന്നുവെന്നും, ആയതിനാൽ സംയുക്ത പരിശോധന നടത്തി കറന്റ് ചാർജ്ജ് കുറച്ചു നൽകണമെന്നും ആവശ്യപ്പെട്ടിട്ടുള്ളതായി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 2021 വരെയും

മേൽ നിരക്കിൽ തന്നെ വൈദ്യുതി ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. 2017-18 മുതൽ 2020-21 വരെയുള്ള 4 വർഷ കാലയളവിൽ പ്രതിമാസം ഏകദേശം 33752/- (52820-19068 (01/2021 മുതൽ ഒടുക്കുന്ന തുക)) അധികം ഒടുക്കുന്നുണ്ട്. ഏകദേശം 15 ലക്ഷത്തോളം രൂപയാണ് പഞ്ചായത്തിൽ നിന്നും അധികം ഒടുക്കിയിട്ടുണ്ട്. കെഎസ്സ്ഇബി യിൽ നിന്നും തന്നെ അധികം തുക ഈടാക്കിയത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ചാർജ്ജ് 19068/- രൂപയായി കുറച്ച സാഹചര്യത്തിൽ ഇപ്രകാരം അധികം ഒടുക്കിയ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നത് അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/2020-21) അധികം നൽകിയ തുക ഇനിയുള്ള ബില്ലുകളിൽ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് കെഎസ്സ്ഇബിക്ക് കത്ത് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അധികം ഈടാക്കിയ തുക തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കപ്പെടുന്നുണ്ടെന്നുറപ്പുവരുത്തേണ്ടതാണ്.

## 1-20 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് -അപാകത

എ) പാലിയേറ്റീവ് കെയർ

പ്രോജക്റ്റ് നം. - 38/20-21

അടങ്കൽ തുക-4,00,000

ചെലവ് തുക- 3,00,000

പാലിയേറ്റീവ് കെയർ എന്ന പ്രോജക്റ്റ് പ്രകാരമുള്ള മരുന്നുവാങ്ങലുകൾ താഴെപ്പറയും പ്രകാരം (ക്വട്ടേഷൻ ക്ഷണിച്ച്) ആണ് നടത്തിയിരിക്കുന്നത്.

| UTR No., തീയതി | മരുന്ന് വാങ്ങിയ സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| U000000857632964/ 30.03.2021 | നിയ ഫാർമ, ചങ്ങനാശ്ശേരി | 19711 |
| U000000785882370/08.05.20 | “ | 23000 |

ബി) പ്രോജക്റ്റ് നം. - 38/20-21

അഭയം - മാനസികാരോഗ്യ പരിപാടി

അടങ്കൽ തുക-143450

ചെലവ് തുക- 113000

അഭയം - മാനസികാരോഗ്യ പരിപാടി എന്ന പ്രോജക്റ്റ് പ്രകാരമുള്ള മരുന്ന് വാങ്ങലുകൾ താഴെപ്പറയും പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്.

| UTR No., തീയതി | മരുന്ന് വാങ്ങിയ സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| U000000785882366// 08.05.20 | നിയ ഫാർമ, ചങ്ങനാശ്ശേരി | 45000 |
| ലഭ്യമല്ല | “ | 45000 |

സർക്കാർ ഉത്തരവ് നം.22/2018 തസ്വഭവ, തീയതി – 14.02.2018 (സബ്സിഡി മാർഗ്ഗരേഖ) ഖ.7.5.3 പ്രകാരം അലോപതി മരുന്നുകൾ കേരള സംസ്ഥാന മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മാത്രം വാങ്ങാവൂ. ഉത്തരവ് പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24, തീയതി – 06.01.2022) മറുപടി ലഭിച്ചിട്ടില്ല. ആകയാൽ, സർക്കാർ ഉത്തരവ് പാലിച്ച് മരുന്നുകളുടെ വാങ്ങൽ നടത്തേണ്ടതാണ്.

## 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

(എ)പ്രോജക്ട് നം. - S0021/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയ ഗുണഭോക്താവിന് പഠന മുറിക്ക് ആനുകൂല്യം നൽകി -

അടങ്കൽ - 800000 ( വികസന ഫണ്ട് -എസ്.സി.പി )

ചെലവ് -500000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/ ബിൽ നം./ തീയതി | അപാകതകൾ |
|---|---|---|---|
| 1 | രമ്യാമോൾ.കെ.എസ് | 50000/- 14/23.01.2021 | റീ ബിൽഡ് കേരളയുടെ ഭാഗമായി ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടുള്ളതായി വി.ഇ.ഒ. റിപ്പോർട്ട് ചെയ്തതിനാൽ തുക തിരികെ അടവാക്കാനാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. |
| | ആകെ | 50000 | |

ശ്രീമതി.രമ്യാമോൾ കെ.എസ് ന് നൽകിയ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) പ്രോജക്ട് നം. - S0093/21 വിദ്യാർത്ഥികൾക്ക് പഠനമുറി(എസ്.സി)-Spill Over-അനുവദനീയമായ തുക പൂർണ്ണമായും നൽകുന്നില്ല. നിർമ്മാണം ഭാഗികമായി അവശേഷിക്കുന്നു

അടങ്കൽ - 374737 ( വികസന ഫണ്ട് -എസ്.സി.പി )

ചെലവ് -374737

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/ബിൽ നം./തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | അനുഗ്രഹ് കുമാർ, വാർഡ് നം.8 | 26237/- 09/10.09.2020(140737) | പഠനമുറി പൂർത്തിയായതായും വാല്യുവേഷൻ 80000/- രൂപ എന്നതും അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയിലിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനമുറിയുടെ ഫോട്ടോ പരിശോധിച്ചതിൽ മുറിയുടെ ഭിത്തി തേയ്ക്കുകയോ വാതിൽ പിടിപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 2 | തങ്കമ്മ കുഞ്ഞുകുട്ടി | 58500/- 09/10.09.2020 | പഠനമുറി പൂർത്തിയായതായും വാല്യുവേഷൻ 110000/- രൂപ എന്നതും അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനമുറിയുടെ ഫോട്ടോ പരിശോധിച്ചതിൽ മുറിയുടെ തറ പോളിഷ് ചെയ്തിട്ടില്ല കൂടാതെ മേൽക്കൂരയ്ക്ക് ഷീറ്റാണ് ഇട്ടിരിക്കുന്നത്. |

സർക്കാർ ഉത്തരവ് പ്രകാരം പഠനമുറി നിർമ്മാണത്തിനായി 200000/- രൂപ അനുവദിക്കാമെന്നിരിക്കെ പല ഗുണഭോക്താക്കൾക്കും 100000/- രൂപയോളം മാത്രം ചെലവഴിച്ചതിന് ശേഷം നിർമ്മാണം പൂർത്തിയായി എന്ന് വാല്യവേഷൻ നൽകി പ്രവർത്തി അവസാനിപ്പിച്ചിരിക്കുകയാണ്. എന്നാൽ ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ഈ ഗുണഭോക്താക്കളുടെ പഠനമുറിയുടെ ഫോട്ടോ പ്രകാരം മിക്കവയും ഭാഗികമായി മാത്രം നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. പലതിനും, ഭിത്തി തേച്ചിട്ടില്ല, വാതിൽ പിടിപ്പിച്ചിട്ടില്ല, മേൽക്കൂര ടിൻ ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ചതായും ആണ് ഫോട്ടോയിൽ കാണുന്നത്. ഗുണഭോക്താവിന് അർഹമായ തുക അനുവദിച്ചിരുന്നുവെങ്കിൽ ടി പ്രവർത്തികളെല്ലാം പൂർത്തിയാക്കാനാകുമെന്നിരിക്കെ, ഇപ്രകാരം ഭാഗികമായി തുക അനുവദിച്ചത് മൂലം പദ്ധതി ലക്ഷ്യം പൂർണ്ണമായി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/2020-21 തീയതി 30.12.2021)മറുപടി ലഭ്യമാക്കിയെങ്കിലും പഠനമുറി നിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കാനാവാത്ത വിധം വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നതിന് കാരണം വിശദീകരിച്ചിട്ടില്ല. പദ്ധതി രൂപീകരണം നിർവ്വഹണം എന്നിവയിലെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-22 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ് ടോപ്പ് - അർഹതാരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - S0060/21 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ് ടോപ്പ്

അടങ്കൽ-150000 (വികസന ഫണ്ട്)

നിർവ്വഹണം -ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്.

ചെലവ് - 137300/10.03.2021

മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കേരളാ സ്റ്റേറ്റ് ഐ.ടി. മിഷനിൽ നന്ന് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതായിരുന്ന അംഗീകൃത പ്രോജക്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം ഒരു ലാപ്ടോപ്പിന് 27460/- രൂപ നിരക്കിൽ 5 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അപാകത ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | അപാകത |
|---|---|---|
| 1 | അപ്പു പി.ബി S/O ബൈജു, പുതിയവീട്, കാവാലം | വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപത്രം ഇല്ല |
| 2 | അനുവിന്ദ കെ.എസ് D/O സലിമോൻ.കെ.കെ, കൊച്ചുപുരയിൽ | |
| 3 | സോജൻ സജി S/Oസജിജോസഫ്, പതിനെട്ടിൽചിറ | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/06.01.2022 ) രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. അർഹതാ രേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകിയ ലാപ്ടോപ്പിന്റെ വില 82380/- രൂപ (3*27460)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ആശ്രയ ഗുണഭോക്താക്കൾ അവഗണിക്കപ്പെടുന്നു

2019-20, 2020-21 സാമ്പത്തികവർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ അഗതി ആശ്രയ വിഭാഗത്തിൽ പ്രോജക്ടുകൾ ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.11/18/ത.സ്വ.ഭ.വ. തീയതി.29-01-18 ഖ. 5.2-ലെ അനിവാര്യ വകയിരുത്തലുകൾ പ്രകാരം അഗതിരഹിത കേരളം (ആശ്രയ) പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നിശ്ചിത വിഹിതം വകയിരുത്തി പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആശ്രയ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. സി.ഡി.എസ്.ലഭ്യമാക്കിയ കണക്ക് പ്രകാരം അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 157 പേരാണ് ഉള്ളത്. സി.ഡി.എസ്. വഴി നടപ്പാക്കുന്ന ആശ്രയപദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വളരെ പ്രാധാന്യം നൽകേണ്ടതും ആശ്രയ കുടുംബങ്ങളുടെ ആവശ്യം മുൻനിർത്തി പ്രോജക്ടുകൾ തയ്യാറാക്കി അവർക്ക് അർഹമായ സേവനം യഥാസമയം ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ-അനുവദിക്കുന്നതിൽ കാലതാമസം

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അവയ്ക്ക് അപേക്ഷിച്ച് സർക്കാർ ഉത്തരവ് (ജി.ഒ(പി)105/2002/തസ്വഭവ, 25.6.02) പ്രകാരമുള്ള 40മുതൽ 45ദിവസം വരെയുള്ള സമയപരിധിക്കകം (വിവിധ പെൻഷനുകൾക്ക് വ്യത്യസ്ത കാലയളവോടെ) അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | അപേക്ഷാ തീയതി | കമ്മിറ്റി അംഗീകരിച്ച തീയതി | പെൻഷൻ അനുവദിച്ചത് എന്ന് മുതൽ |
|---|---|---|---|---|
| ആലീസ് ജേക്കബ് | വാർദ്ധക്യകാല പെൻഷൻ | 08.07.2020 | 13.01.2021 | 03/21 |
| കൃഷ്ണദാസ് | | 03.07.2020 | 02.11.2020 | 01/21 |
| ഔസേഫ് തോമസ് | | 10.06.2020 | 02.11.2020 | 01/21 |
| ലൂക്കോസ് എ | | 08.06.2020 | 02.11.2020 | 01/21 |
| ചന്ദ്രശേഖരൻ | | 30.09.2020 | 30.03.2021 | 06/21 |
| എ.കെ.രഘുനാഥൻ | | 02.06.2020 | 02.11.2020 | 01/21 |

| | | | | |
|---|---|---|---|---|
| പങ്കജം | | 04.06.2020 | 15.02.2021 | 01/21 |
| സുരേന്ദ്രൻ | കർഷകത്തൊഴിലാളി പെൻഷൻ | 04.03.2021 | 15.07.2021 | 07/21 |
| രാജമ്മ പി | | 04.03.2021 | 15.07.2021 | 09/21 |
| സദാനന്ദൻ | | 06.01.2020 | 01.04.2020 | ലഭ്യമല്ല |
| ഓമന പുഷ്പാംഗതൻ | | 14.01.2020 | 01.04.2020 | ലഭ്യമല്ല |
| തങ്കമണി | | 16.01.2020 | 01.07.2020 | ലഭ്യമല്ല |
| ത്രേസ്യാമ്മ ലൂയിസ് | | 12.05.2020 | 13.01.2021 | ലഭ്യമല്ല |
| ഗീതാ സദാനന്ദൻ | | 25.05.2020 | 13.01.2021 | 03/21 |
| ജോസഫ് ചാക്കോ | | 27.05.2020 | 02.11.2020 | 01/21 |
| വനജ തങ്കപ്പൻ | | 27.05.2020 | 13.01.2020 | 06/21 |

പെൻഷൻ അനുവദിക്കാൻ താമസിച്ചതിനുള്ളപ്രധാന കാരണം അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിക്കാനും ഡേറ്റ എൻട്രി നടത്താനും ഉണ്ടായ കാലതാമസമാണെന്നാണ് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.(നം.18/04.01.2022)
ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ വരുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷ പെൻഷനുകൾ-പെൻഷനേഴ്സിന്റെ മരണശേഷവും തുക അനുവദിക്കപ്പെടുന്നു

സാമൂഹ്യ സുരക്ഷ പെൻഷനുകൾ, പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് ഇതിനാൽ തന്നെ മരണശേഷവും തുക ക്രഡിറ്റാകുന്നു. സഹകരണബാങ്കുകൾ മുഖേന/ഡയറക്ട് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന്റെ മരണാനന്തരവും പെൻഷൻ സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടർന്നതിനാൽ ഇവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. കൂടാതെ സഹകരണബാങ്കുകൾ മുഖേന/ഡയറക്ട് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുകയോ/ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും ഇവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. അതിന്റെ കൃത്യത- തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും 2020-21 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്കായി അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും കാണുന്നുണ്ട്. (05/2021 വരെ)
ഉദാഹരണങ്ങൾ:-

സൊസൈറ്റികളിലേക്ക് കൈമാറിയവ-

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | കുട്ടൻ പുരുഷോത്തമൻ, പുത്തൻപറമ്പിൽ | കർഷക തൊഴിലാളി പെൻഷൻ | 1046101 00246 1 KAVALAM KUNNUMA SCB 1040 | 16.06.2020 | 06/2020 മുതൽ /05/2021 വരെ | 18500 |
| 2 | ഭവാനി,ഇത്തിപ്പറമ്പ് | | 1046101 | 07.06.2020 | 06/2020 | 15900 |

| | | | | | | |
|---|---|---|---|---|---|---|
| | | | 00424<br>KAVALAM KUNNUMA SCB 1040 | | മുതൽ 05/2021 വരെ | |
| 3 | സരോജിനി ഭാസ്കരൻ, 30-ൽ ചിറ | | 1046101 01166<br>Kainady SCB 3814 | 04.07.2020 | 07/2020 മുതൽ 05/2021 വരെ | 18500 |
| 4 | വർഗ്ഗീസ് ഔസേഫ്, ഏഴരച്ചിറ | വാർദ്ധക്യകാല പെൻഷൻ | 1046102 00520<br>Kainady SCB 3814 | 22.08.2020 | 09/2020 മുതൽ 05 /2021 വരെ | 7800 |
| 5 | ലക്ഷ്മിക്കുട്ടി, കരമത്ര | കർഷക തൊഴിലാളി പെൻഷൻ | 1046101 00372<br>Kainady SCB 3814 | 22.08.2020 | 08/2020 മുതൽ 05/2021 വരെ | 15900 |
| 6 | സുമതിയമ്മ,കിഴക്കേക്കളം | ഡിസെബിലിറ്റി | 1046104 00037<br>KAVALAM KUNNUMA SCB 1040 | 19.08.2020 | 08/2020 മുതൽ 05/2021 വരെ | 13300 |
| 7 | രുദ്രാണി, കലവറശ്ശരി | കർഷക തൊഴിലാളി പെൻഷൻ | 1046101 00527<br>Kainady SCB 3814 | 05.08.2020 | 08/2020 മുതൽ 05/2021 വരെ | 18500 |
| 8 | കെ.റ്റി.ദാസപ്പൻ, കുറുപ്പശ്ശേരി | വാർദ്ധക്യകാല പെൻഷൻ | 1046102 00300<br>Kainady SCB 3814 | 30.07.2020 | 08/2020 മുതൽ 05/2021 വരെ | 18500 |
| 9 | സി.എൻ.രുഗ്മിണിയമ്മ | അവിവാഹിത രായ വനിതകൾ ക്കുള്ള പെൻഷൻ | 1046105 00030<br>KAVALAM KUNNUMA SCB 1040 | 01.09.2020 | 09/2020 മുതൽ 05/2021 വരെ | 13300 |
| 10 | ശിശുപാലൻ, എം.പി, പേരൂർ പുത്തൻ വീട് | വാർദ്ധക്യ കാല പെൻഷൻ | 1046102 00306<br>Kainady SCB 3814 | 03.10.2020 | 07/2016-09/2020 ഒന്നിലധികം പെൻഷൻ കൈപ്പറ്റുന്ന തിനാൽ തടഞ്ഞു വച്ച | 72000 |
| | | | | | 10/2020 മുതൽ 05/2021 വരെ | 12200 |
| 11 | സഹദേവൻ, പടിഞ്ഞാറെ | വാർദ്ധക്യ | 1046102 | 19.10.2020 | 10/2020 | 11900 |

| | | | | | | |
|---|---|---|---|---|---|---|
| | കൊപ്പറമ്പ് | കാല പെൻഷൻ | 00125 KAVALAM KUNNUMA SCB 1040 | | മുതൽ 05/2021 വരെ | |
| | | | | | | 236300 |

ബാങ്ക് മുഖേന വ്യക്തിഗത അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടത്-

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | പൊന്നപ്പൻ, രണ്ടുപറയിൽ | വാർദ്ധക്യ കാല പെൻഷൻ | 1046102 00411 A/C 6725282 6306 (SBIN00 70229 | 17.10.2020 | 10/2020മുതൽ 05/2021 വരെ | 11900 |
| 2 | കുഞ്ഞിക്കുട്ടി, 10-ൽ വീട് | കർഷക തൊഴിലാളി പെൻഷൻ | 1046101 01271 A/C67101 930150 (SBIN00 70229) | 26.10.2020 | 10/2020മുതൽ 05/2021 വരെ | 11900 |
| 3 | ആനന്ദൻ, വാക്കിശ്ശേരി | കർഷക തൊഴിലാളി പെൻഷൻ | 1046101 00965 A/C67249 635384 (SBIN00 70229 | 23.11.2020 | 11/2020മുതൽ 05/2021 വരെ | 10500 |
| | ആകെ | | | | | 34300 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, കാവാലം ഗ്രാമ പഞ്ചായത്തിന്റെ മരണ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ മരണപ്പെട്ട, കാവാലം ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം അനർഹമായ കാലയളവിലേക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക 270600/- രൂപ ഡിബിറ്റി സെല്ലിൽ തിരികെ ഒടുക്കി, കൃത്യമായ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 പ്രൊക്യൂർമെന്റ് കമ്മിറ്റി -അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം. 259/2010-നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle)

ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ, ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

കാവാലം ഗ്രാമ പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 2019-20 വർഷം 2.8.19 തീയതിയിലും 2020-21 വർഷം 27.4.20 തീയതിയിലും മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയിട്ടുള്ളത്. ഈ യോഗങ്ങളിൽ യഥാക്രമം 2019-20ലെ 15 പ്രോജക്ടുകളിലെയും 2020-21ലെ 8 പ്രോജക്ടുകളിലെയും വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്തു തീരുമാനിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥർ 2019-20, 2020-21 വർഷങ്ങളിൽ നടത്തിയ വിവിധ വാങ്ങലുകളിൽ വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി കമ്മിറ്റി യോഗം ചേർന്നിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010-നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനും, പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22 തീയതി.5.1.22), മറുപടി ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പാലിച്ച് കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റി തീരുമാനത്തോടെ വിവിധ വാങ്ങലുകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല-

1961 ലെ കേന്ദ്ര ആദായനികുതി നിയമത്തിലെ 194 (C) വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് കരാറുകാരനിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കാവാലം ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് മെറ്റീരിയൽ സപ്ലൈചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. ഇപ്രകാരം ആദായനികുതി നികുതി ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയ ചില പ്രവർത്തികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദവിവരം | സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ ആകെ തുക. | ഈടാക്കേണ്ട ആദായ നികുതി. | നൽകിയ തുകയുടെ വിശദവിവരം. |
|---|---|---|---|
| 2-ാം എട്ടൊന്നിൽ മുതൽ പുത്തൻ പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്.<br>വർക്ക് കോഡ് നം.RC-316528<br>കരാറുകാരൻ - സോജൻ ഫ്രാൻസിസ്,<br>അളവു പുസ്തകം - 211/20-21 | 325063/- | 3250/- | FTO-955585/29.03.2021 |
| 3-ാം വാർഡിൽ പി.ഡബ്ല്യു.ഡി പുതുശ്ശേരി മുതൽ ചക്കിട്ടപ്പറമ്പ് വരെ | 196535/- | 1965/- | FTO-745405/11-02-2021 |

| | | | |
|---|---|---|---|
| കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-321214<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 142/20-21 | | | |
| 9-ാം വാർഡിൽ പി.ഡബ്ല്യു.ഡി റോഡ് മുതൽ ഒരു പറയിൽ റോഡ്<br>വരെ കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-292085<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 100/20-21 | 250400/- | 2504/- | FTO-695374/29.01.2021 |
| 4- ാം വാർഡിൽ കോണോത്തുചിറ മുതൽ ഇല്ലിക്കളം വരെ റോഡ്<br>കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-323773<br>കരാറുകാരൻ - ജോമോൻ തോമസ്<br>അളവു പുസ്തകം - 196/20-21 | 378011 | 3780/- | FTO-939711/27.03.2021. |
| 9- ാം വാർഡിൽ ഒരു പറയിൽ റോഡ് മുതൽ തോട്ട് കടവ്<br>വരെ റോഡ് കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-292086<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 100/20-21 | 203785 | 2037/- | FTO-695378/29.01.21 |
| | | 13536/- | |

മേൽ രേഖപ്പെടുത്തിയ പ്രകാരം ആദായ നികുതി കുറവ് ചെയ്യാതെ തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.10/2020-21) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും വാങ്ങി തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ (MGNREGS) എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-28 കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി-

2020-21 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭൂവസ്ത്രം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി

ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനെക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്.എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം നം.80.8.63ൽ, ച.മീറ്ററിന് 71.58 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദ വിവരം/വർക്ക് കോഡ്/ M-book No./ | ഭൂവസ്ത്രം വാങ്ങിയത്. (ചതു.മീറ്റർ) | $1m^2$ വിരിക്കുന്നതിന് $1.05m^2$ എന്ന നിരക്കിൽ ഭൂവസ്ത്രം വിരിക്കാവുന്ന പരമാവധി വിസ്തൃതി. ($M^2$) (ഭൂവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|
| 7-ാംവാർഡ് ചാലയിൽ തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-359422, 69/20-21 | 2200 | 2095 | 157476 | 149960 | 7516 | FTO- No. 73007dt.25/09 /20/Rs-33756/- |
| 6-ാംവാർഡ് എം എൻ ഭവൻ മുതൽ മൂന്നേമുക്കാൽ വരെയുള്ള തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-359403, 88/20-21 | 1760 | 1676 | 125981 | 119968 | 6013 | FTO- No. 90892dt.25/09/20, 31137/- |
| 6-ാംവാർഡ് പാടകശ്ശേരി മുതൽ ചാത്തൻതറ വരെ | 2200 | 2095 | 157476 | 149960 | 7516 | FTO- No. 105437, Dt.25/09/20/Rs-36375/- |

| | | | | | | |
|---|---|---|---|---|---|---|
| കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-359404, 87/20-21 | | | | | | |
| ആകെ | | | | | 21045 | |

അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.9/2020-21) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ വേതനം തിരിച്ച പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-29 കയർഭ്രവസ്തം വിരിച്ചതിന് മുള വാങ്ങിയത് - ക്വട്ടേഷനില്ലാതെ വാങ്ങൽ നടത്തി -

2020-21 വർഷം വിവിധ വാർഡുകളിൽ നടത്തിയിട്ടുള്ള തോട് ആഴം കൂട്ടി കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ എന്ന പ്രവർത്തികളിൽ കയർഭ്രവസ്തം മുളയാണി ഉപയോഗിച്ച് ഉറപ്പിക്കുന്നതിന് മുള വാങ്ങിയതിന് ഒരു മുളയ്ക്ക് 150/- നിരക്കിൽ ആകെ സപ്ലൈ ചെയ്ത മുളയുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തുക കണക്കാക്കി ഓരോ പ്രവർത്തിയിലും മേറ്റ്മാർ തുക കൈപ്പറ്റിയിട്ടുണ്ട്. തുക മേറ്റുമാരുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത് . ഈ തുക മുള സപ്ലൈ ചെയ്തയാൾക്ക് നൽകിയതായി കാണിച്ച് ഒരു രസീത് മേറ്റ്മാർ ഇവരിൽ നിന്നംവാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവർത്തിയിൽ പോലും, ഇപ്രകാരം മുള സപ്ലൈ ചെയ്ത ആളുകളുടെ അക്കൌണ്ടിലേക്കല്ല തുക നൽകിയിട്ടുള്ളത്. ഒരു പ്രവർത്തിയിൽ പോലും മുള സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടില്ല. ഇപ്രകാരം ക്വട്ടേഷനില്ലാതെ മുള വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.9/03.01.22) ലഭ്യമാക്കിയ മറുപടിയിൽ 14-09-18 ലെ 2679/ഇ.ജി.എസ്സ്-സി/17/ആർ.ഇ.ജി.എസ്സ് ഉത്തരവ് പ്രകാരം 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താം എന്നതിനാലാണ് ക്വട്ടേഷനില്ലാതെ മുള വാങ്ങിയതെന്നും, ഇനിയുള്ള പ്രവർത്തികൾ ക്വട്ടേഷൻ വിളിച്ച നടത്തുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പ്രവർത്തിയുടെ ആരംഭത്തിൽ തന്നെ മുള സപ്ലൈ ചെയ്യുന്ന ആൾക്ക് മേറ്റുമാർ മുൻകൂറായി തുക നൽകിയാണ് മുള വാങ്ങുന്നതെന്നും ആയതിനാലാണ് തുക മേറ്റുമാരുടെ അക്കൌണ്ടിലേക്ക് നൽകുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (പി) 177/06 Fin.dt. 12-04-06 ലെ ഉത്തരവു പ്രകാരം 1000/- രൂപയക്ക് മേലുള്ള തുകകൾ പണമായി നൽകാൻ പാടില്ലായെന്നിരിക്കെ, ആയതിന് വിരുദ്ധമായി മൂന്നാമതൊരു വ്യക്തിക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ പണം നൽകി എന്നത് അംഗീകരിക്കാവുന്നതല്ല. മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ സൂചിപ്പിച്ച പോലെ 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താമെങ്കിലും, ഏകദേശം 100 ലേറെ പ്രവർത്തികൾ ഒരുമിച്ച് നിർവ്വഹിക്കുമ്പോൾ, ആയത് ക്വട്ടേഷനിലൂടെ നിർവ്വഹിച്ചാൽ മത്സരാധിഷ്ഠിത ക്വട്ടേഷനിലൂടെ കുറഞ്ഞ നിരക്കിൽ പ്രവർത്തി നിർവ്വഹിക്കപ്പെടാനം, അതിലൂടെ ഈയിനത്തിലെ അധിക ചെലവ് ഒഴിവാക്കാനം കഴിയുമായിരുന്നു. എന്നാൽ ആയത് ചെയ്യാതെ പ്രവർത്തി നിർവ്വഹിച്ചത് നിർവ്വഹണത്തിലെ സുതാര്യത ഇല്ലാതാക്കി. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-30 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തി - ക്വട്ടേഷനില്ലാതെ നിർവ്വഹിച്ച - കരാറുകാരന് പകരം തുക മേറ്റ് മാരുടെ അക്കൌണ്ടിൽ നിക്ഷേപിച്ച ശേഷം പണമായി വിതരണം ചെയ്ത -

2020-21 വർഷം വിവിധ വാർഡുകളിൽ നടത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി ഒരു ബോർഡിന് 4500/- രൂപ വീതം ചെലവഴിക്കുകയും ഈ തുക മേറ്റ് മാർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തുക മേറ്റുമാരുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ഈ തുക മേറ്റ് മാർ ബോർഡ് സ്ഥാപിച്ചതിന് കൂലിയിനത്തിൽ തുക കൈപ്പറ്റി എന്നുള്ള വൌച്ചറിന്റെ അടിസ്ഥാനത്തിൽ മറ്റൊരാൾക്ക് നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒരു പ്രവർത്തിയിൽ പോലും, ടി ആളുകളുടെ അക്കൌണ്ടിലേക്കല്ല തുക നൽകിയിട്ടുള്ളത്. ഒരു പ്രവർത്തിയിൽ പോലും ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടില്ല. ഇപ്രകാരം ക്വട്ടേഷനില്ലാതെ പ്രവർത്തി നിർവ്വഹിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി

തീരുമാനമെടുത്തതായും കാണുന്നില്ല. പിന്നെ എന്തടിസ്ഥാനത്തിലാണ് ഒരു ബോർഡിന് 4500/- രൂപ എന്ന നിരക്ക് നിശ്ചയിച്ചത് എന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/തീയതി, 03.01.22) ലഭ്യമാക്കിയ മറുപടിയിൽ 14-09-18 ലെ 2679/ഇ.ജി.എസ്സ്-സി/17/ആർ.ഇ.ജി.എസ്സ് ഉത്തരവ് പ്രകാരം 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താം എന്നതിനാലാണ് ക്വട്ടേഷനില്ലാതെ ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തികൾ മേറ്റുമാർ മുഖേന നടത്തിയതെന്നും, ആയതിനാലാണ് തുക മേറ്റുമാരുടെ അക്കൌണ്ടിലേക്ക് നൽകുന്നതെന്നും, ഇനിയുള്ള പ്രവർത്തികൾ കുടുംബശ്രീ മുഖേന നടത്തുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (പി) 177/06 Fin.dt. 12-04-06 ലെ ഉത്തരവു പ്രകാരം 1000/- രൂപയക്ക് മേലുള്ള തുകകൾ പണമായി നൽകാൻ പാടില്ലായെന്നിരിക്കെ, ആയതിന് വിരുദ്ധമായി മൂന്നാമതൊരു വ്യക്തിക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ പണം നൽകി എന്നത് അംഗീകരിക്കാവുന്നതല്ല. മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ സൂചിപ്പിച്ച പോലെ 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താമെങ്കിലും, ഏകദേശം 100 ലേറെ പ്രവർത്തികൾ ഒരുമിച്ച് നിർവ്വഹിക്കുമ്പോൾ, ആയത് ക്വട്ടേഷനിലൂടെ നിർവ്വഹിച്ചാൽ മത്സരാധിഷ്ഠിത ക്വട്ടേഷനിലൂടെ കുറഞ്ഞ നിരക്കിൽ പ്രവർത്തി നിർവ്വഹിക്കപ്പെടാനും, അതിലൂടെ ഈയിനത്തിലെ അധിക ചെലവ് ഒഴിവാക്കാനും കഴിയുമായിരുന്നു. എന്നാൽ ആയത് ചെയ്യാതെ പ്രവർത്തി നിർവ്വഹിച്ചത് നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുത്തുന്ന നടപടിയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ രീതിയിലുള്ള പണം കൈമാറ്റത്തിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോയെന്നത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു .

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെ ഫയലിൽ അപ്രകാരം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി പല പ്രവൃത്തികളുടെ ഫയലിലും ഇല്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ളവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തി നൽകുന്നില്ല.

4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികലുടെ നടത്തിപ്പ് ) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

6. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയും PAC, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

8. ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

9. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

10. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ,റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-06/30-12-2021), വരും വർഷങ്ങളിൽ മേൽ നിർദ്ദേശാനുസരണം രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-32 ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല-

ഗ്രാമ പഞ്ചായത്തിൽ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

രേഖപ്പെടുത്തിയ വിവരങ്ങൾ അപൂർണ്ണം -

റോഡുകളുടെ വിവരങ്ങൾ 2012-13 വരെയുള്ളത് മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20, 2020-21 വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള നിരവധി കോൺക്രീറ്റ് റോഡുകളുടെയും, എൽഎസ്സ്ജിഡി അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മിച്ച നിരവധി ടാർ റോഡുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. നടപ്പാതകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ നിർമ്മാണ വർഷം, നിർമ്മാണം നടത്തിയ വാർഡിന്റെ വിവരങ്ങൾ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ജംഗമ ആസ്തികളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഒരു ആസ്തികളുടെയും മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല-

ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-20/2020-21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-33 സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കാക്കിയിട്ടില്ല

സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ പ്രാദേശിക സവിശേഷതകൾ ഉൾക്കൊണ്ട് കൊണ്ട് നടപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1. പന്ത്രണ്ടിന പരിപാടികൾ:-

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി 2020-21 വർഷം പന്ത്രണ്ട് ഇന പരിപാടികൾ നടപ്പാക്കേണ്ടതുണ്ട് (സ.ഉ(കൈ)45/2020/തസ്വഭവ, 6.3.20 പ്രകാരം) ഇവ പ്രകാരം, വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ, വയോക്ലബ്ബുകൾ, ശുചിത്വകേരളം, പൊതുടോയ്ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും, തോടുകളുടെ ശുചീകരണം, ഫലവൃക്ഷതൈകൾ നട്ട് പരിപാലിക്കൽ, ജൈവപച്ചക്കറി കൃഷി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, പൊതു വിദ്യാഭ്യാസ യജ്ഞം, പാലിയേറ്റീവ് പരിചരണം, പട്ടികവിഭാഗങ്ങളുടെ വികസനം, ദുരന്ത മാനേജ് മെന്റ് പ്ലാനുകൾ എന്നിവ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്. എന്നാൽ പാലിയേറ്റീവ് പരിചരണം, പൊതുടോയ്ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും പദ്ധതിയിൽപ്പെടുത്തി സാനിട്ടറി കോംപ്ലക്സ് (ബസ് സ്റ്റാന്റ്) എന്നിവ ഓഡിറ്റ് വർഷം നടപ്പിലാക്കിയെങ്കിലും പന്ത്രണ്ട് ഇന പരിപാടിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ ഏറെയും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു.

2. സുഭിക്ഷകേരളം:-

സുഭിക്ഷ കേരളം പ്രോജക്ടിൽ കൃഷി, ക്ഷീരവികസനം, മത്സ്യബന്ധനം മേഖലകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ ഭക്ഷ്യോല്പാദന വർദ്ധനവിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സ.ഉ(കൈ)14/2020/ആ.സാ.വ, 18.5.20). എന്നാൽ സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ 4 പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നെങ്കിലും തരിശ് പച്ചക്കറി കൃഷി എന്ന പ്രോജക്ട് മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് (ചെലവ് 78500). കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്കും മറ്റ് കാർഷിക വിളകൾക്കും ന്യായമായ വില ഉറപ്പാക്കാനും വിപണന സൗകര്യം ഒരുക്കാനും

തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതാണെന്നുള്ള സർക്കാർ നിർദ്ദേശപ്രകാരം (സർക്കുലർ നം. ഡി.എ1/140 /2020/3.8.20) ഗ്രാമപഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ, പ്രാദേശിക സവിശേഷതകളും ആവശ്യകതയും പരിഗണിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ്.

## 1-34 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - കാവാലം ഗ്രാമപഞ്ചായത്ത് പരിധിയിൽ 17 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 08 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. ബാക്കിയുള്ളതിൽ 08 എണ്ണം വാടക കെട്ടിടത്തിലും 1 എണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്.

കുടിവെള്ളം- കുടിവെള്ള സൗകര്യം എല്ലാ അങ്കണവാടിയിലും ഉണ്ടെങ്കിലും ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ എല്ലാ അങ്കണവാടികളിലും കുടിവെള്ളം വിലയ്ക്ക് വാങ്ങുകയാണ്.

ടോയ്‌ലെറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഒരെണ്ണത്തിന് പോലുമില്ല.

വൈദ്യുതി- പുതിയതായി നിർമ്മിച്ച ഒരുകെട്ടിടത്തിനൊഴികെ എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്. പുതിയ കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷനുള്ള നടപടികൾ ഉടൻ പൂർത്തിയാകുന്നതാണ്.

ചുറ്റുമതിൽ- സ്വന്തമായി കെട്ടിടമുള്ള2അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്-

2020-21 വർഷം ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

09 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടിയുടെ അടിസ്ഥാന സൗകര്യ വികസനം, കെട്ടിടങ്ങളുടെ സംരക്ഷണം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 3105/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 02/27.12.2021 ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തട്ടാശ്ശേരി ജങ്കാർ ലേലം - വരവില്ല

2018-19, 2019-20 എന്നീ വർഷങ്ങളിൽ യഥാക്രമം 3,30,000 രൂപ, 7,15,000/-രൂപ എന്നിങ്ങനെ തട്ടാശ്ശേരി ജങ്കാർ ലേലമിനത്തിൽ വരവുണ്ട്. എന്നാൽ, 2020-21 വർഷം ടി ഇനത്തിൽ വരവില്ല. ഫയൽ പരിശോധിച്ചതിൽ, 16.03.2020ൽ ലേലം നടത്തുന്നതിന് തീരുമാനമെടുത്ത് പരസ്യം നല്കി. ടി തീയതിയിൽ നിരതദ്രവ്യം ഇനത്തിൽ തുക ഒടുക്കി 3 പേർ ലേലത്തിന് ഹാജരായെങ്കിലും കഴിഞ്ഞ വർഷത്തെ ലേലത്തുകയായ 7,15,000/- രൂപയുടെ 5% തുക കൂട്ടി വിളിയ്ക്കാൻ തയ്യാറായില്ല. 4.06.2020, 15.06.2020 എന്നീ തീയതികളിൽ പുനർലേലം നടത്തിയെങ്കിലും വീണ്ടും മേൽ കാരണത്താൽ നിരതദ്രവ്യം കെട്ടി വെച്ച ആളുകൾ ലേലം വിളിക്കുന്നില്ല എന്ന് രേഖപ്പെടുത്തി പിന്മാറി. ഇതേ തുടർന്ന് ലേലം ഉറപ്പിയ്ക്കാൻ സാധിച്ചില്ല. 24.06.2020ന് മുമ്പായി ക്വട്ടേഷൻ സമർപ്പിക്കാൻ അറിയിച്ച് സെക്രട്ടറി പരസ്യം നല്കിയതിനെ തുടർന്ന് ലഭിച്ച ക്വട്ടേഷനിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത (തുക- 703211/- സെസ്, ജി.എസ്സ്.റ്റി എന്നിവ ഉൾപ്പെടെ) ആന്റണി അലക്സ്, കല്ലുത്ര, ചമ്പക്കുളം എന്നയാൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 25.06.2020 തീയതിലെ നം. 1.1 തീരുമാന പ്രകാരം ക്വട്ടേഷൻ അംഗീകരിച്ചു. 03.07.2020 ൽ ടിയാനെ ഈ വിവരം അറിയിച്ചും 3,37,429/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി സെക്രട്ടറിയുമായി എഗ്രിമെന്റിൽ ഏർപ്പെടുവാനും ആവശ്യപ്പെട്ടും കത്ത് നല്കി. ടി കത്തിന് മറുപടിയായി ക്വട്ടേഷൻ തുക ഗഡുക്കളായി ഓരോ മാസവും മുൻകൂർ അടയ്ക്കാമെന്നും യാത്രാ നിരക്ക് വർദ്ധിപ്പിയ്ക്കണമെന്നും ആവശ്യപ്പെട്ട് കത്ത് നല്കി. എന്നാൽ, ടി കത്തിന് സെക്രട്ടറി മറുപടി നല്കുകയോ ടിയാനുമായി ചർച്ച നടത്തിയതായോ തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ടിയാൾ കത്തിലൂടെ അറിയിച്ച കാര്യങ്ങൾ ഭരണ സമിതിയ്ക്ക് സ്വീകാര്യമല്ലെങ്കിൽ മുൻ വർഷം (2019-20) ജങ്കാർ സർവീസ് നടത്തിയ ശ്രീ. ജോർജ്ജ് ആന്റണി,

കൊച്ച്പറമ്പ്, കായൽപുറം എന്നയാളുടെ ക്വട്ടേഷനിൽ (ടിയാൾ 24.06.20ൽ സമർപ്പിച്ചത്) ക്വാട്ട് ചെയ്ത തുകയ്ക്ക് (തുക- 400000/- സെസ്, ജി.എസ്സ്.റ്റി എന്നിവ ഉൾപ്പെടെ) ക്വട്ടേഷൻ ഉറപ്പിക്കാൻ ശ്രമിച്ചതായി രേഖകളിൽ കാണുന്നില്ല. 24.08.2020 ലെ പഞ്ചായത്ത് കമ്മറ്റി മിനട്സ് ബുക്കിൽ ജങ്കാർ സർവീസിന്റെ ആവശ്യകത മാനിച്ച് ഒരു കൂട്ടം സന്നദ്ധ പ്രവർത്തകർ താത്കാലിക സംവിധാനം എന്ന നിലയിൽ ജങ്കാർ സർവീസ് നടത്താൻ തയ്യാറാണെന്ന് 19.08.2020ലെ സ്റ്റിയറിംഗ് കമ്മറ്റിയെ അറിയിച്ചു. തുടർന്ന് ശ്രീ.സുധീർ, പുത്തൻ പുരയ്ക്കൽ (2018-19ൽ ലേലം കൊണ്ടയാൾ) ജങ്കാർ സർവീസ് 810 രൂപ പ്രതിദിന നിരക്കിലും ശ്രീ.അലക്സ് കല്ലൂത്ര എന്നയാൾ 800/- രൂപ പ്രതിദിന നിരക്കിലും ജങ്കാർ സർവീസ് നടത്താൻ തയ്യാറാണെന്ന് അറിയിച്ചു. കൂടിയ തുക ക്വാട്ട് ചെയ്ത ശ്രീ.സുധീർ, പുത്തൻ പുരയ്ക്കൽ എന്നയാൾ സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ സെക്രട്ടറിയുടെ 14.09.2020 ലെ ഇ.എസ് 253/17 നം. കത്ത് മുഖേന ജങ്കാർ സർവീസ് നടത്താൻ അനുവാദം നല്കാവുന്നതാണോ എന്ന് സ്പഷ്ടീകരണം നല്കണമെന്ന് അറിയിച്ച് തുറമുഖ ഓഫീസർ, ആലപ്പുഴയ്ക്ക് കത്ത് അയച്ചു. രജിസ്റ്ററിംഗ് അതോറിറ്റി, കെ ഐ വി റൂൾസ് & തുറമുഖ ഓഫീസർ, ആലപ്പുഴ (എ5 - 2797/20, തീയതി - 29.09.2020) മോട്ടോർ ബോട്ട് ജങ്കാറായി സർവീസ് നടത്തുന്നതിന് നിയമപ്രകാരം അനുമതിയില്ലാത്തതാണെന്ന് അറിയിച്ചു. എന്നാൽ, ശ്രീ.സുധീർ, പുത്തൻ പുരയ്ക്കൽ എന്നയാളെ സ്വന്തം ഉത്തരവാദിത്തത്തിൽ ജങ്കാർ സർവീസ് നടത്താൻ കമ്മിറ്റി അനുവദിക്കുകയും ടിയാൻ ഹാജരാക്കിയ രേഖകൾ യോഗ്യമല്ലാത്തിനാൽ എഗ്രിമെന്റ് വയ്ക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാനം ലഭ്യമാകാതെ ടിയാന് സർവീസ് നടത്താൻ അനുവാദം നല്കി. തൊട്ടടുത്ത പ്രതിദിന നിരക്കിൽ (800 രൂപ) ജങ്കാർ സർവീസ് നടത്താമെന്നറിയിച്ച ശ്രീ.അലക്സ്, കല്ലൂത്ര എന്നയാളെ ജങ്കാർ സർവീസ് നടത്തുന്നതിന് ക്ഷണിച്ച് സെക്രട്ടറി കത്ത് നല്കിയതിന്റെ രേഖ ലഭ്യമല്ല. കമ്മറ്റി കൈക്കൊണ്ട ഈ തീരുമാനത്തോടെ പഞ്ചായത്തിന് പ്രതിദിനം 800 രൂപ നിരക്കിൽ ലഭിക്കുമായിരുന്ന വരുമാനം പോലും നഷ്ടമായി.

ആകയാൽ, ആദ്യത്തെ (24.06.2020) ക്വട്ടേഷൻ അംഗീകരിച്ച് കരാർ നടപ്പാക്കാൻ സാധിക്കാത്ത സന്ദർഭത്തിൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്തയാളെ ജങ്കാർ നടത്തിപ്പിനായി ക്ഷണിയ്ക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/20-21 തീയതി - 05.01.2022) ലഭിച്ച മറുപടിയിൽ, രണ്ടാമതായി കൂടിയ തുക ക്വാട്ട് ചെയ്ത വ്യക്തി ഗരുഡ ഗ്രൂപ്പിൽപ്പെട്ട ആളായതിനാൽ, 23.07.2020ലെ സ്റ്റിയറിംഗ് കമ്മറ്റി ടി ക്വട്ടേഷനുകൾ റദ്ദ് ചെയ്യുകയും ചെയ്തു എന്നും പ്രതിദിന നിരക്കിൽ തൊട്ടടുത്ത തുക ക്വട്ട് ചെയ്തയാളെ ജങ്കാർ നടത്തിപ്പിനായി ക്ഷണിയ്ക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/20-21 തീയതി - 05.01.2022) ലഭ്യമാക്കിയ മറുപടിയിൽ കാരണം വ്യക്തമാക്കിയിട്ടില്ല. 19.08.2020 ൽ കൂടിയ സ്റ്റിയറിംഗ് കമ്മറ്റിയിൽ തുറമുഖ വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ശ്രീ.സുധീർ എന്നയാൾക്ക് ജങ്കാർ സർവീസ് നടത്തുന്നതിന് വിയോജിക്കുന്നു എന്ന് സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സെക്രട്ടറി തൊട്ടടുത്തയാളെ ക്ഷണിക്കുന്നതിനെ പറ്റി പരാമർശിക്കുകയോ കത്ത് നല്കുകയോ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ, 2020-21 വർഷം തുകയൊന്നും വരവായി ലഭിച്ചിട്ടില്ല. 4 ലക്ഷം രൂപയുടെ രണ്ടാമത്തെ ഉയർന്ന ക്വട്ടേഷൻ തുക സമർപ്പിച്ച ആളുമായി ചർച്ച ചെയ്ത് സെക്രട്ടറി കരാർ ഉറപ്പിച്ചിട്ടില്ല. പിന്നീട് ടി ക്വട്ടേഷൻ അംഗീകരിക്കാതെ 810/-രൂപ പ്രതിദിന നിരക്കിൽ തുറമുഖ വകുപ്പ് അനുമതി നിഷേധിച്ച ബോട്ടിന് സർവ്വീസ് നടത്താൻ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്ന് 23.07.2020ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തു. കമ്മിറ്റി അംഗീകാരം നൽകിയ കരാറുകാരന് തുറമുഖ വകുപ്പ് അനുമതി നൽകാത്തതിനാൽ പഞ്ചായത്തുമായി കരാർ വെയ്ക്കുവാനോ തുക ഈടാക്കുവാനോ കഴിഞ്ഞില്ല. ഈ നടപടിമൂലം പഞ്ചായത്തിന് 4 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. ഈ തുക ആദ്യ ടെണ്ടറിലെ രണ്ടാമത്തെ കൂടിയ തുക ക്വാട്ട് ചെയ്തയാൾക്ക് കരാർ അനുവദിക്കാതിരുന്ന സെക്രട്ടറി 23.07.2020ലെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ പങ്കെടുത്തവർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല-

1961 ലെ കേന്ദ്ര ആദായനികുതി നിയമത്തിലെ 194 (C) വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് കരാറുകാരനിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കാവാലം ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് മെറ്റീരിയൽ സപ്ലൈചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. ഇപ്രകാരം ആദായനികുതി നികുതി ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയ ചില പ്രവർത്തികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദവിവരം | സപ്ലൈചെയ്ത മെറ്റീരിയലിന്റെ ആകെ തുക | ഈടാക്കേണ്ട ആദായ നികുതി | നൽകിയ തുകയുടെ വിശദവിവരം. |
|---|---|---|---|
| 2-ാം എട്ടൊന്നിൽ മുതൽ പുത്തൻ പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്. വർക്ക് കോഡ് നം.RC-316528 കരാറുകാരൻ - സോജൻ ഫ്രാൻസിസ്, അളവു പുസ്തകം - 211/20-21 | 325063/- | 3250/- | FTO-955585/29.03.2021 |
| 3-ാം വാർഡിൽ പിഡബ്ല്യൂഡി പുതുശ്ശേരി മുതൽ ചക്കിട്ടപ്പറമ്പ് വരെ കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-321214 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ അളവു പുസ്തകം - 142/20-21 | 196535/- | 1965/- | FTO-745405/11-02-2021 |
| 9-ാം വാർഡിൽ പിഡബ്ല്യൂഡി റോഡ് മുതൽ ഒരു പറയിൽ റോഡ് വരെ കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-292085 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ അളവു പുസ്തകം - 100/20-21 | 250400/- | 2504/- | FTO-695374/29.01.2021 |
| 4-ാം വാർഡിൽ കോണോത്തുചിറ മുതൽ ഇല്ലിക്കളം വരെ റോഡ് കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-323773 കരാറുകാരൻ - ജോമോൻ തോമസ് അളവു പുസ്തകം - 196/20-21 | 378011 | 3780/- | FTO-939711/27.03.2021 |
| 9-ാം വാർഡിൽ ഒരു പറയിൽ റോഡ് മുതൽ തോട്ട് കടവ് വരെ റോഡ് കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-292086 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ അളവു പുസ്തകം - 100/20-21 | 203785 | 2037/- | FTO-695378/29.01.2021 |
| | | 13536/- | |

മേൽ രേഖപ്പെടുത്തിയ പ്രകാരം ആദായ നികുതി കുറവ് ചെയ്യാതെ തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.10/2020-21) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും വാങ്ങി തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ (MGNREGS) എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 കയർഭ്രവസ്തം വാങ്ങിയ അതേ അളവിലുള്ള ഭ്രവിസ്തൃതിയിൽ പ്രവർത്തി ചെയ്യതായി കാണിച്ച് അധിക വേതനം നല്കി-

2020-21 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭ്രവസ്തം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭ്രവസ്തം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനെക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭ്രവസ്തം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭ്രവസ്തം വിരിക്കുന്നതിനാവശ്യമായ കയർഭ്രവസ്തത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭ്രവസ്തം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭ്രവസ്തം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്തം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കു. എന്നാൽ കയർഭ്രവസ്തം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്യതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭ്രവസ്തം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭ്രവസ്തം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭ്രവസ്തം വിരിക്കുന്നതിന് അധിക വേതനം (ഇനം നം.80.8.63ൽ, ച.മീറ്ററിന് 71.58 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദ വിവരം/ വർക്ക് കോഡ്/ M-book No./ | ഭ്രവസ്തം വാങ്ങിയത്. (ചതു.മീറ്റർ) | $1m^2$ വിരിക്കുന്നതിന് $1.05m^2$ എന്ന നിരക്കിൽ ഭ്രവസ്തം വിരിക്കാവുന്ന പരമാവധി വിസ്തൃതി.($m^2$) (ഭ്രവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|
| 7-ാംവാർഡ് ചാലയിൽ തോട് ആഴം കൂട്ടി കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-359422, 69/20-21 | 2200 | 2095 | 157476 | 149960 | 7516 | FTO- No. 73007dt.25/09 /20/Rs-33756/- |
| 6-ാം വാർഡ് എം എൻ ഭവൻ മുതൽ മൂന്നേമുക്കാൽ വരെയുള്ള തോട് ആഴം കൂട്ടി കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-359403, 88/20-21 | 1760 | 1676 | 125981 | 119968 | 6013 | FTO- No. 90892dt.25/09/20, 31137/- |
| 6-ാം വാർഡ് പാടകശ്ശേരി മുതൽ ചാത്തൻതറ വരെ കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. | 2200 | 2095 | 157476 | 149960 | 7516 | FTO- No. 105437, Dt.25/09/20/Rs-36375/- |

| | | | | | | |
|---|---|---|---|---|---|---|
| WC-359404,<br>87/20-21 | | | | | | |
| ആകെ | | | | | 21045 | |

അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.9/2020-21) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ വേതനം തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവന പദ്ധതി | 256162 | 743838 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | അഗതി ആശ്രയ | - | 100000 |
| ആകെ | | 1100000 | | 256162 | 8438348 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 820402 | അംഗനവാടി കെട്ടിട നിർമ്മാണം | 773987 | 46415 |
| ആകെ | | 820402 | | 773987 | 46415 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ - വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | 240000 | 0 | 0 | 0 | 240000 |
| ഹഡ്കോ | ലഭ്യമാക്കിയില്ല | ഇല്ല | 11176288 | 906902 | | 10269386 |
| ആകെ | | 240000 | 11176288 | 906902 | | 10509386 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.4.1.3.2 | 2009-11 | 163 | പട്ടികജാതി കുടുംബങ്ങൾക്ക് സി.എഫ്.എൽ. ലാമ്പ് വിതരണം | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി.യിൽ നിന്നും 40400രൂപ അടവാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം 2020-21

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48331500 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45697478 |
| വരവിനങ്ങളിലുള്ള നഷ്ടം | 400000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 620919 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 4,00,000 (ഒരാളിന് 30769/- രൂപ വീതം) | - | ശ്രീമതി.അജിതകുമാരി.എൽ. സെക്രട്ടറി<br>ശ്രീ.തിലകൻ വാസു, വാർഡ് മെമ്പർ<br>ശ്രീമതി.രേവമ്മ നടേശൻ, വാർഡ് മെമ്പർ<br>ശ്രീമതി.സന്ധ്യ രമേശ്കുമാർ, വാർഡ് മെമ്പർ<br>ശ്രീമതി.ലത ഓമനക്കുട്ടൻ, വാർഡ് മെമ്പർ<br>ശ്രീ.കുഞ്ചറിയ, വാർഡ് മെമ്പർ<br>ശ്രീമതി.ദീപമോൾ ശശിധരൻ, വാർഡ് മെമ്പർ<br>ശ്രീ.രാജേന്ദ്രൻ നാരായണൻ, വാർഡ് മെമ്പർ<br>ശ്രീമതി.അജിമോൾ മണിക്കുട്ടൻ, വാർഡ് മെമ്പർ<br>ശ്രീമതി.അജിത, വാർഡ് മെമ്പർ<br>ശ്രീമതി.സന്ധ്യ സുരേഷ്, വാർഡ് മെമ്പർ<br>ശ്രീമതി.റീന മോൾ, വാർഡ് മെമ്പർ<br>ശ്രീ.ഒ.ജി.ഷാജി, വാർഡ് മെമ്പർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 68150 | ശ്രീ.ക്ലീറ്റസ് ഇ, സെക്രട്ടറി |

| | | |
|---|---|---|
| 1-16 | 350000 | ശ്രീമതി.അജിത കുമാരി എൽ, സെക്രട്ടറി |
| 1-17 | 70389 | ശ്രീ.അനിൽ കെ ആന്റോ, കൃഷി ഓഫീസർ |
| 1-21(എ) | 50000 | ശ്രീ ഗോപാലകൃഷ്ണപിള്ള,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 82380 | ശ്രീമതി.വിനീത വി,<br>ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്. |
| ആകെ | 620919 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13536 | ക്ലീറ്റസ്, സെക്രട്ടറി (4513/-)<br>സുധീന്ദ്രബാബു, അസിസ്റ്റന്റ് സെക്രട്ടറി (1738/-)<br>ഗോപാലകൃഷ്ണപിള്ള, സെക്രട്ടറി (2774/-)<br>അശ്വതി.എസ്, അക്രഡിറ്റഡ് എൻജിനീയർ (4511/-) |
| 3-2 | 21045 | അജിതകുമാരി, സെക്രട്ടറി (7017/-)<br>ഗോപാലകൃഷ്ണപിള്ള, സെക്രട്ടറി (7014/-)<br>അശ്വതി.എസ്, അക്രഡിറ്റഡ് എൻജിനീയർ (7014/-) |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ക്ലീറ്റസ് ഇ, സെക്രട്ടറി | സെക്രട്ടറി,<br>കാവാലം ഗ്രാമ പഞ്ചായത്ത് | ചിറ്റേഴത്ത് ,<br>ചെറിയപൊഴി,<br>കാട്ടൂർ<br>കലവൂർ പി ഒ<br>ആലപ്പുഴ |
| 2 | ശ്രീമതി.അജിത കുമാരി എൽ,<br>സെക്രട്ടറി | സെക്രട്ടറി, മാരാരിക്കുളം<br>വടക്ക് ഗ്രാമ പഞ്ചായത്ത് | നടുവിലേപറമ്പ്,<br>കരിക്കാട് പി ഒ,<br>തണ്ണീർ മുക്കം |
| 3 | ശ്രീ. അനിൽ കെ ആന്റോ,<br>കൃഷി ഓഫീസർ | പാഡി ഡവലപ്പ്മെന്റ്<br>ഓഫീസർ, മങ്കൊമ്പ് | കൊല്ലൂർ ഹൌസ് ,<br>പുളിങ്കുന്ന് പി ഒ, ആലപ്പുഴ |
| 4 | അശ്വതി.എസ്.<br>അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ<br>കാവാലം ഗ്രാമപഞ്ചായത്ത് | പഞ്ചമിയിൽ വീട്, നോർത്ത്<br>ആര്യാട്.പി.ഒ, ആലപ്പുഴ |
| 5 | ശ്രീ.ഗോപാലകൃഷ്ണപ്പിള്ള.ജി,<br>അസിസ്റ്റന്റ് സെക്രട്ടറി | സർവീസിൽ നിന്നും വിരമിച്ചു | കോച്ചേരിൽ, ചക്കപാംക്ക,<br>കൈനടി പി ഒ<br>ആലപ്പുഴ |
| 6 | ശ്രീ.സുധീന്ദ്ര ബാബു,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>വെച്ചൂർ ഗ്രാമപഞ്ചായത്ത് | പുത്തൻവെളിയിൽ<br>മുഹമ്മ.പി.ഒ.<br>ആലപ്പുഴ |
| 7 | ശ്രീമതി.വിനീത വി,<br>ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്. | ഗവ. യു പി എസ്, കാവാലം | അമൃതം, വാഴപ്പള്ളി പിഒ,<br>ചങ്ങനാശ്ശേരി |
| 8 | ശ്രീ.തിലകൻ വാസു | വാർഡ് മെമ്പർ<br>(2015-20 കാലയളവിലെ) | രണ്ടരപറയിൽ ഹൌസ്,<br>കാവാലം നോർത്ത് പി ഒ,<br>കാവാലം- 688506 |
| 9 | ശ്രീമതി.രേവമ്മ നടേശൻ | ടി | ആശാരിപുരിൽ<br>കാവാലം നോർത്ത് പി ഒ<br>കാവാലം- 688506 |

| | | | |
|---|---|---|---|
| 10 | ശ്രീമതി.സന്ധ്യ രമേശ്കുമാർ | ടി | മണി മന്ദിരം<br>കാവാലം വടക്ക് പി ഒ<br>കാവാലം- 688506 |
| 11 | ശ്രീമതി.ലത ഓമനക്കുട്ടൻ, | ടി | മാടമ്പിൽ ഹൌസ്<br>കാവാലം പി .ഒ<br>കാവാലം- 688506 |
| 12 | ശ്രീ.കുഞ്ചറിയ | ടി | ക്ലത്തശ്ശേരി ഹൌസ്<br>കാവാലംവടക്ക് പി ഒ - 688506 |
| 13 | ശ്രീമതി.ദീപ മോൾ ശശിധരൻ, | ടി | കിഴക്കേ അറയ്ക്കൽ,<br>ചെറുകര പി ഒ,<br>കാവാലം- 688506 |
| 14 | ശ്രീ.രാജേന്ദ്രൻ നാരായണൻ | ടി | മന്നത്ത് വീട് കാവാലം-<br>688506 |
| 15 | ശ്രീമതി.അജി മോൾ മണിക്കുട്ടൻ | ടി | നട്ടവിലേചിറ, വടക്കൻ<br>വെളിയനാട് പി ഒ,<br>689590 |
| 16 | ശ്രീമതി.അജിത | ടി | മാലക പറമ്പിൽ, വടക്കൻ<br>വെളിയനാട് പി ഒ,<br>689590 |
| 17 | ശ്രീമതി.സന്ധ്യ സുരേഷ് | ടി | പാലക്കാട്, കുന്നമ്മ കിഴക്ക്,<br>കാവാലം പി ഒ<br>- 688506 |
| 18 | ശ്രീമതി.റീന മോൾ | ടി | ആറ്റുമംഗലം, കുന്നമ്മ<br>പടിഞ്ഞാറ്, കാവാലം- 688506 |
| 19 | ശ്രീ.ഒ.ജി.ഷാജി | ടി | ഉള്ളാശം പറമ്പ്, കുന്നമ്മ,<br>കാവാലം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി,11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി,09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി, 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി, 31.02.1991 |
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി, 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി, 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി, 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |

| | |
|---|---|
| 2008-09, 2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി.10-1569/15, 23.12.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.10/838/2016/30.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.10/47/2017/24.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി10-1314/17 തീയതി, 04.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി10-577/19 തീയതി, 29.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി10-789/2020 തീയതി, 11.01.2021 |
| 2019-20 | കെ.എസ്.എ.എ.എൽ.പി-പി.10/333/2022 തീയതി, 27.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്